20
2026
ഫെബ്രുവരി
വെള്ളി
കുംഭം 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 39 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-39 പേജ് 4, വില 2.00 രൂപ




02 ഉപഭോക്തൃ വകുപ്പിനെ എൻഫോഴ്സ്മെന്റ് ഏജൻസിയായി മാറ്റും: മന്ത്രി

03 ഇറാനെതിരേ ആക്രമണം ഏതു നിമിഷവും; ട്രംപിൻെറ അന്തിമ തീരുമാനം ഉടൻ

04 വയനാട് മാതൃകാ ടൗൺഷിപ്പ് ഒന്നാംഘട്ടം സജ്ജം: മുഖ്യമന്ത്രി 25ന് ഉദ്ഘാടനം ചെയ്യും

# തീരദേശത്തെ സമഗ്ര വികസനം ഉറപ്പാക്കി: മന്ത്രി സജി ചെറിയാൻ


നീണ്ടകര വലനിർമാണഫാക്ടറിയുടെ നിർമാണോദ്ഘാടനം മന്ത്രിസജി ചെറിയാൻ നിർവഹിക്കുന്നു.

കൊല്ലം: കഴിഞ്ഞ 10 വർഷത്തിനിടെ വിവിധ പദ്ധതികളിലൂടെ തീരദേശത്തെ സമഗ്ര വികസനം ഉറപ്പാക്കിയെന്നു മന്ത്രി സജി ചെറിയാൻ. നീണ്ടകര വലനിർമാണഫാക്ടറിയുടെ നിർമാണോദ്ഘാടനം, ഷോപ്പിംഗ് കോംപ്ലക്സ്, വാർഫ്, ശക്തികുളങ്ങരയിലെ ബോട്ട് ബിൽഡിംഗ് യാർഡ് എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഹാർബർ എൻജിനീയറിങ് വിഭാഗത്തിൻെറ നേതൃത്വത്തിൽ 10 കോടി രൂപ ചെലവഴിച്ചാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമിച്ചത്. 688 ചതുരശ്രഅടിയിൽ രണ്ടു നിലകളായി പണിതീർത്ത കെട്ടിടത്തിൽ 27 കടമുറികളുണ്ട്. 8.82 കോടി രൂപ ചെലവിൽ ശക്തികുളങ്ങര കല്ലുംപുറത്ത് നിർമിച്ച ബോട്ട് ബിൽഡിംഗ് യാർഡ്, നെറ്റ് മെൻഡിങ് ഷെഡ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, വാർഫ് എന്നിവ തുടർവികസനം ഉറപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഡോ. സുജിത്ത് വിജയൻ പിള്ള എം എൽ എ അധ്യക്ഷനായി. കൗൺസിലർ ദീപു ഗംഗാധരൻ, മത്സ്യഫെഡ് ചെയർമാൻ ടി മനോഹരൻ, മാനേജിങ് ഡയറക്ടർ ഡോ. പി സഹദേവൻ, നീണ്ടകര ഗ്രാമപഞ്ചായത്ത് അംഗം ഷേർലി ഹെൻട്രി, മത്സ്യഫെഡ് ഭരണസമിതി അംഗങ്ങളായ ജി. രാജദാസ്, സബീന സ്റ്റാൻലി, ഉദ്യോഗസ്ഥർ, വിവിധ ട്രേഡ് യൂണിയൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

ഉദ്ഘാടനച്ചടങ്ങ് ബഹിഷ്ക്കരിച്ച് യുഡിഎഫ്

ചവറ: നീണ്ടകര ഫിഷിങ് ഹാർബറിൽ ഫിഷറീസ് മന്ത്രി പങ്കെടുത്ത ഉദ്ഘാടനച്ചടങ്ങ് ബഹിഷ്ക്കരിച്ച് യുഡി എഫ് പഞ്ചായത്ത് കമ്മിറ്റി. ഒപ്പം നീണ്ടകര പുത്തൻത്തുറ അരയ സേവാ സർക്കാർ ഹയർ സെക്കൻററി സ്കൂൾ കെട്ടിട ഉദ്ഘാടന ചടങ്ങും ബഹിഷ്ക്കരിച്ചു. കഴിഞ്ഞ പത്തു വർഷമായി മത്സ്യ മേഖല തകർക്കുകയും മത്സ്യ തൊഴിലാളികളെ ദുരിതത്തിലാക്കുകയും ചെയ്ത എൽ ഡി എഫ് സർക്കാർ തെരഞ്ഞെടുപ്പ് അടുത്തപ്പോൾ ജനങ്ങളുടെ കണ്ണിൽ മണ്ണിട്ടു വോട്ടു തട്ടാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് യുഡിഎഫ് ആരോപിച്ചു.

## ശബരിമല സ്വർണക്കൊള്ള; അന്തിമ റിപ്പോർട്ട് മാർച്ച് 31നുള്ളിൽ

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ മാർച്ച് 31നുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രത്യേക അന്വേഷണ സംഘം ഹൈക്കോടതിയിൽ. സ്വർണപ്പാളി സാമ്പിളുകളുടെ ശാസ്ത്രീയ പരിശോധന ജംഷഡ്പൂരിലെ ലാബിൽ നടക്കും.

ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത്. സ്വർണപ്പാളികളുടെ 36 സാമ്പിളുകളാണ് പരിശോധനയ്ക്കായി എസ്ഐടി ശേഖരിച്ചത്. സൗജന്യമായി പരിശോധന നടത്താമെന്ന് ലാബ് അറിയിച്ചതായും എസ്ഐടി കോടതിയിൽ വ്യക്തമാക്കി.

ജംഷഡ്പൂരിലെ നാഷണൽ മെറ്റലർജിക്കൽ ലബോററ്ററിയിലായിരിക്കും വിശദമായ ശാസ്ത്രീയ പരിശോധന നടക്കുക. അതേസമയം ശബരിമല സ്വർണക്കൊള്ള കേസിൽ ജയിൽ മോചിതനായ തന്ത്രി കണ്ഠര് രാജീവരുടെ ജാമ്യ ഉത്തരവിൽ എസ്ഐടിക്ക് വൻ തിരിച്ചടിയാണ് നേരിട്ടത്.

കേസിൽ തന്ത്രിയുടെ പങ്ക് തെളിയിക്കാൻ പ്രത്യേക അന്വേഷണ സംഘത്തിന് സാധിച്ചിട്ടില്ലെന്ന് ജാമ്യ ഉത്തരവിൽ പറയുന്നു.

ഇതുകൂടാതെ രണ്ട് കേസുകളിലും തന്ത്രിയുടെ പങ്കിന് തെളിവുകളില്ലെന്നും ശ്രീകോവിലിന് പുറത്തുള്ള വസ്തുക്കളിൽ തന്ത്രിക്ക് ഉത്തരവാദിത്തമില്ലെന്നും ജാമ്യ ഉത്തരവിൽ വ്യക്തമാക്കുന്നു.

ബുധനാഴ്ചയാണ് തന്ത്രി ജാമ്യം നേടി ജയിൽ മോചിതനായത്.

## സ്വർണക്കൊള്ളയിൽ തന്ത്രിയുടെ പങ്കിന് തെളിവില്ല; ജാമ്യ ഉത്തരവിൽ എസ്ഐടിക്ക് തിരിച്ചടി

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ ജയിൽ മോചിതനായ തന്ത്രി കണ്ഠര് രാജീവരുടെ ജാമ്യ ഉത്തരവിൽ എസ്ഐടിക്ക് വൻ തിരിച്ചടി. കേസിൽ തന്ത്രിയുടെ പങ്ക് തെളിയിക്കാൻ പ്രത്യേക അന്വേഷണ സംഘത്തിന് സാധിച്ചിട്ടില്ലെന്ന് ജാമ്യ ഉത്തരവിൽ പറയുന്നു.

ഇതുകൂടാതെ രണ്ട് കേസുകളിലും തന്ത്രിയുടെ പങ്കിന് തെളിവുകളില്ലെന്നും ശ്രീകോവിലിന് പുറത്തുള്ള വസ്തുക്കളിൽ തന്ത്രിക്ക് ഉത്തരവാദിത്തമില്ലെന്നും ജാമ്യ ഉത്തരവിൽ വ്യക്തമാക്കുന്നു. ബുധനാഴ്ചയാണ് തന്ത്രി ജാമ്യം നേടി ജയിൽ മോചിതനായത്.

കേസിൽ പ്രത്യേക അന്വേഷണ സംഘത്തിൻെറ വാദങ്ങൾ തള്ളിയാണ് കോടതി ജാമ്യം അനുവദിച്ചിരിക്കുന്നത്. അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ തന്ത്രിക്ക് ചുമതലയില്ലെന്നും ശില്പങ്ങളും പാളികളും സ്വർണം പൂശുന്നത് പൂജാവിധിയോ ആചാരമോ അല്ലെന്നും ജാമ്യ ഉത്തരവിൽ പറയുന്നു.

ഇതിനുപുറമേ മഹസറുകളിൽ തന്ത്രി ഒപ്പിട്ടിട്ടില്ലെന്നും കോടതി കണ്ടെത്തി. ഗൂഢാലോചന വാദം നിലനിൽക്കില്ലെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൊല്ലം വിജിലൻസ് കോടതിയാണ് തന്ത്രിക്ക് കേസിൽ ജാമ്യം അനുവദിച്ചത്.

## എപ്സ്റ്റീൻ ഫയൽ; ബ്രിട്ടീഷ് രാജകുടുംബാംഗം ആൻഡ്രൂ വിൻഡ്സർ അറസ്റ്റിൽ

ലണ്ടൻ: ജെഫ്രി എപ്സ്റ്റീൻ കേസിലെ വെളിപ്പെടുത്തലുകൾക്ക് പിന്നാലെ ബ്രിട്ടീഷ് രാജകുടുംബാംഗം ആൻഡ്രൂ മൗണ്ട്ബാറ്റൺ വിൻഡ്സർ അറസ്റ്റിൽ. ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു എന്നതാണ് ആൻഡ്രൂ വിൻഡ്സറിനെതിരെയുള്ള കേസ്.

ആൻഡ്രൂ വിൻഡ്സറിൻെറ 66ാം ജന്മദിനമായ ഇന്ന് പുലർച്ചെ സാൻഡ്രിംഗ്ഹാം എസ്റ്റേറ്റിൽ നിന്നാണ് തേംസ് വാലി പോലീസ് അറസ്റ്റ് ചെയ്തത്. സമഗ്രമായ അന്വേഷണത്തിന് ശേഷമാണ് അറസ്റ്റ് ചെയ്തതെന്ന് തേംസ് വാലി പോലീസ് വ്യക്തമാക്കി.

2010 ൽ ആൻഡ്രൂ വിൻഡ്സർ ധനകാര്യ വിദഗ്ധനും ലൈംഗിക കുറ്റവാളിയുമായ ജെഫ്രി എപ്സ്റ്റീന് വ്യാപാര റിപ്പോർട്ടുകൾ കൈമാറിയെന്ന കണ്ടെത്തലിനെ തുടർന്നാണ് അറസ്റ്റ്. ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തെന്ന ആരോപണത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ജെഫ്രി എപ്സ്റ്റീൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ശേഷവും ആൻഡ്രൂ വിൻഡ്സർ വിവാദ വ്യവസായിയുമായി അടുത്ത ബന്ധം തുടർന്നുവെന്നാണ് കണ്ടെത്തൽ. ആൻഡ്രൂ വിൻഡ്സർ എപ്സ്റ്റീൻ ഐലൻഡ് സന്ദർശിച്ചത് സംബന്ധിച്ച ചിത്രങ്ങളും നേരത്തെ പുറത്തുവന്നിരുന്നു.

### വിമാന സർവീസുകൾ തടസപ്പെട്ടു

ന്യൂഡൽഹി: രാജ്യത്തെ പ്രധാന വിമാനത്താവളങ്ങളിൽ വിമാന സർവീസുകൾ തടസപ്പെട്ടെന്ന് റിപ്പോർട്ട്. സാങ്കേതിക തകരാറിനെതുടർന്നാണ് ഡൽഹി, മുംബൈ അടക്കമുള്ള വിമാനത്താവളങ്ങളിലെ സർവീസുകൾ തടസപ്പെട്ടത്. ബുക്കിംഗിനും ചെക്ക്-ഇൻ ചെയ്യാനും എയർലൈനുകൾ ആശ്രയിക്കുന്ന നാവിറ്റെയർ സംവിധാനമാണ് തകരാറിലായതെന്നാണ് വിവരം. ഇതോടെ ചെക്ക് ഇൻ നടപടികൾ വൈകുകയും യാത്രക്കാർക്ക് ബുദ്ധിമുട്ട് നേരിടുകയും ചെയ്തു. ഇന്ന് രാവിലെ 6.45 മുതൽ 7.30 വരെ 45 മിനിറ്റ് നേരമാണ് വിവിധ വിമാനത്താവളങ്ങളിൽ തടസം നേരിട്ടത്.

## കൊച്ചിൻ ഷിപ്പ്യാർഡിന് യൂറോപ്പിൽനിന്ന് ആറ് എൽഎൻജി ഡ്യുവൽ–ഫ്യുവൽ കപ്പലുകൾ നിർമിക്കാൻ കരാർ



കൊച്ചി: കൊച്ചിൻ ഷിപ്പ്യാർഡിന് യൂറോപ്പിൽനിന്ന് വീണ്ടും വമ്പൻ കപ്പൽ നിർമാണ കരാർ. രാജ്യാന്തര കണ്ടെയ്നർ ഷിപ്പിംഗ് രംഗത്തെ യൂറോപ്യൻ വമ്പന്മാരും ഫ്രഞ്ച് കമ്പനിയുമായ സിഎംഎ സിജിഎമ്മിൽനിന്ന് ആറ് എൽഎൻജി ഡ്യുവൽ-ഫ്യുവൽ (ഇരട്ട ഇന്ധനമുള്ള) കപ്പലുകൾ നിർമിക്കാനാണ് കരാർ ലഭിച്ചത്.

1,700 ടിഇയു വീതം ശേഷിയുള്ള കപ്പലുകളാണിവ. ഒന്നിന് ഏകദേശം 500 കോടി രൂപ വീതം മൊത്തം 3,000 കോടിയാണ് ഓർഡർ മൂല്യം. കരാറിൽ കൊച്ചിൻ ഷിപ്പ്യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി. ജെ. ജോസും സിഎംഎ സിജിഎം ചെയർമാനും സിഇഒയുമായ റൊഡോൾഫ് സാദേയും ഒപ്പുവച്ചു.

എൽ എൻ ജി ഡ്യുവൽ-ഫ്യുവൽ കപ്പൽ നിർമാണത്തിലേക്ക് ഇന്ത്യ ഇതാദ്യമായാണ് കടക്കുന്നത്. അതിൻെറ ഓർഡർ കേരളം ആസ്ഥാനമായ കൊച്ചിൻ ഷിപ്പ്യാർഡിന് ലഭിച്ചുവെന്നതും വൻ നേട്ടമാണ്. കപ്പലിന്റെ പ്രധാന ഇന്ധനം എൽഎൻജിയായിരിക്കും. ഉപഇന്ധനം ഡീസൽ. പരമ്പരാഗത എൻജിനുള്ള കപ്പലുകളെ അപേക്ഷിച്ച് ഇവയ്ക്ക് മലിനീകരണം തീരെക്കുറവായിരിക്കും. ഇക്കഴിഞ്ഞ ഡിസംബർ പാദത്തിൽ കൊച്ചിൻ ഷിപ്പ്യാർഡ് 145 കോടി രൂപയുടെ ലാഭവും 1,350 കോടി രൂപയുടെ വരുമാനവും നേടിയിരുന്നു.

## മൈക്രോഫിനാൻസ് തട്ടിപ്പ് കേസ്: വെള്ളാപ്പള്ളി നടേശനെ വിജിലൻസ് ചോദ്യം ചെയ്തു

കൊച്ചി: എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെ മൈക്രോഫിനാൻസ് തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് വിജിലൻസ് ചോദ്യം ചെയ്തു. കൊച്ചിയിലെ വിജിലൻസ് ഓഫീസിൽ വെച്ചായിരുന്നു ചോദ്യം ചെയ്യൽ.

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് എടുത്ത വായ്പ തുക അർഹരായ ഗുണഭോക്താക്കൾക്ക് നൽകാതെ ഉയർന്ന പലിശയ്ക്ക് മറിച്ചു നൽകി കോടികളുടെ തട്ടിപ്പ് നടത്തി എന്നതാണ് കേസ്. കേസിൽ ഒന്നാം പ്രതിയായ വെള്ളാപ്പള്ളി നടേശനോട് ഹാജരാകാൻ വിജിലൻസ് നേരത്തെ നോട്ടീസ് നൽകിയിരുന്നു. വായ്പാ വിതരണത്തിലെ ക്രമക്കേടുകൾ, പലിശനിരക്കിലെ മാറ്റങ്ങൾ, ഗുണഭോക്താക്കളുടെ പട്ടികയിലെ അവ്യക്തത എന്നിവയെക്കുറിച്ചാണ് ഉദ്യോഗസ്ഥർ വിവരങ്ങൾ തേടിയത്. ചോദ്യം ചെയ്യലിന് ശേഷം പുറത്തുവന്ന വെള്ളാപ്പള്ളി, താൻ അന്വേഷണവുമായി സഹകരിച്ചുവെന്നും തനിക്കെതിരെയുള്ള ആരോപണങ്ങൾ രാഷ്ട്രീയ പ്രേരിതമാണെന്നും മാധ്യമങ്ങളോട് പറഞ്ഞു. എസ്എൻഡിപി യോഗത്തെ തകർക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണിതെന്നും അദ്ദേഹം ആരോപിച്ചു.

വി. എസ്. അച്യുതാനന്ദൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് മൈക്രോഫിനാൻസ് അഴിമതിയിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചത്. വർഷങ്ങളായി തുടരുന്ന ഈ കേസിൽ പല ഘട്ടങ്ങളിലായി അന്വേഷണം നടന്നു വരികയായിരുന്നു. സംസ്ഥാനത്തെ ഏറ്റവും വലിയ സാമുദായിക സംഘടനകളിലൊന്നായ എസ്എൻഡിപി യോഗത്തിൻെറ അമരക്കാരനെ അഴിമതിക്കേസിൽ ചോദ്യം ചെയ്തത് കേരള രാഷ്ട്രീയത്തിലും സാമൂഹിക രംഗത്തും വലിയ ചർച്ചയായിട്ടുണ്ട്.



# ഉപഭോക്തൃ വകുപ്പിനെ എൻഫോഴ്സ്മെന്റ് ഏജൻസിയായി മാറ്റും: മന്ത്രി ജി.ആർ. അനിൽ

പരാതി പരിഹാരത്തിന് ഉപരിയായി ഉപഭോക്തൃകാര്യ വകുപ്പിനെ ശക്തമായ ഒരു എൻഫോഴ്സ്മെന്റ് ഏജൻസിയാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ഭക്ഷ്യ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി ജി.ആർ. അനിൽ. 'വിഷൻ 2031'പദ്ധതിയുടെ ഭാഗമായാണ് ഈ മാറ്റം വിഭാവനം ചെയ്യുന്നത്. സംസ്ഥാന ഉപഭോക്തൃകാര്യ വകുപ്പ് സംഘടിപ്പിച്ച ദ്വിദിന ശില്പശാല തിരുവനന്തപുരം എസ് പി ഗ്രാൻഡ് ഡെയ്സ് ഹോട്ടലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സാമൂഹ്യ സുസ്ഥിര വികസന സൂചികകളിൽ കേരളം രാജ്യത്ത് ഒന്നാമതാണ്, സേവനങ്ങളുടെ കാര്യത്തിലും ഈ മികവ് നിലനിർത്താൻ സർക്കാർ പരിശ്രമിക്കുന്നുണ്ട്. മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനികളെ നിയന്ത്രിക്കുന്നതിനായി കേരളം കൊണ്ടുവന്ന മോണിറ്ററിംഗ് സംവിധാനം വലിയ വിജയമാണ്. കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാനങ്ങളും അത് മാതൃകയാക്കുകയാണ്. ഓൺലൈൻ വ്യാപാരം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ തരം തട്ടിപ്പുകൾ തടയാൻ നിയമങ്ങൾ പരിഷ്കരിക്കേണ്ടത് അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം പരാതികൾ ഓൺലൈനായി ഫയൽ ചെയ്യാനും ഫീസ് അടയ്ക്കാനും 'ഇ-ദാഖിൽ' സംവിധാനമുണ്ട്. ഗ്രാമപ്രദേശങ്ങളിലുള്ളവർക്കും ജനസേവന കേന്ദ്രങ്ങൾ വഴി ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ ഈ സംവിധാനങ്ങളെക്കുറിച്ച് ജനങ്ങളിൽ വേണ്ടത്ര അവബോധം ഇല്ലാത്തത് ഒരു വെല്ലുവിളിയാണ്. ഉപഭോക്തൃ നിയമങ്ങളെക്കുറിച്ചും പരാതി നൽകേണ്ട രീതികളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാൻ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നത് പരിഗണനയിലുണ്ട്. കൂടാതെ, ഉപഭോക്തൃ അവബോധം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് വിദ്യാഭ്യാസ മന്ത്രിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.ഇ-കോമേഴ്സ് ഇടപാടുകൾ, ഡിജിറ്റൽ പേമെന്റുകൾ, തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ, സാമ്പത്തിക കുറ്റകൃത്യങ്ങൾ തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നതിന് ഉപഭോക്താക്കൾക്ക് നിയമപരവും പ്രായോഗികവുമായ അറിവുകൾ നൽകി അവരെ ശാക്തീകരിക്കേണ്ടത് അനിവാര്യമാണ്. എല്ലാ ജില്ലകളിലും ഉപഭോക്താക്കൾക്കായി സൗജന്യ നിയമസഹായ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി മീഡിയേഷൻ സെല്ലുകൾ രൂപീകരിക്കുകയും അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. സ്കൂളുകളിലും കോളേജുകളിലും കൺസ്യൂമർ ക്ലബ്ബുകൾ സജീവമാക്കുമെന്നും എൻ.എസ്.എസുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

ഉപഭോക്തൃ വകുപ്പ് നിർമ്മിച്ച ബോധവൽക്കരണ പരസ്യ വീഡിയോകളുടെ ഉദ്ഘാടനം ചടങ്ങിൽ മന്ത്രി നിർവഹിച്ചു. വയനാട് ജില്ലയിലെ എല്ലാ സ്കൂളുകളിലും കൺസ്യൂമർ ക്ലബ്ബുകൾ ആരംഭിക്കുന്നതിനായി പ്രവർത്തിച്ച ജീവനക്കാരെ മന്ത്രി അനുമോദിച്ചു.

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ഹിമ കെ സ്വാഗതം ആശംസിച്ച ചടങ്ങിൽ വാർഡ് കൗൺസിലർ ജി. വേണുഗോപാൽ അധ്യക്ഷനായി.




ബോധ്യം 2026 ഉപഭോക്തൃകാര്യ ശില്പശാല മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യുന്നു

## സൗജന്യ തൊഴിൽ മേള 21ന്

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് എസ്.സി/ എസ്.ടി വിഭാഗത്തിൽപെട്ട ഉദ്യോഗാർഥികൾക്കായി സൗജന്യ തൊഴിൽമേള ഫെബ്രുവരി 21 രാവിലെ 9.30ന് തിരുവനന്തപുരം എംപ്ലോയ്മെന്റ് ഓഫിസിന്റെ ആഭിമുഖ്യത്തിൽ ഗവ. ഐ.ടി.ഐ മരിയാപുരത്ത് വച്ച് സംഘടിപ്പിക്കുന്നു. ഉദ്യോഗാർഥികൾക്ക് സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471-2330756.

## ഐ.എച്ച്.ആർ.ഡി ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പ്

ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടടയിലുള്ള റീജിയണൽ സെന്ററിൽ ഫെബ്രുവരി 23ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷ്യൻ ലേണിംഗിൽ ഒരു ദിവസത്തെ ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പ് നടത്തുന്നു. പ്ലസ് ടു ആണ് അടിസ്ഥാന യോഗ്യത. കോഴ്സ് ഫീസ് 750 + ജി.എസ്.ടി. താൽപ്പര്യമുള്ളവർ രജിസ്റ്റർ ചെയ്യുന്നതിനായി 8136882389, 9495069307, 8547005087, 9895570442, 0471-2660512 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

## അഡ്വാൻസ്ഡ് എക്സൽ വർക്ക്ഷോപ്പ്

ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടടയിലുള്ള റീജിയണൽ സെന്ററിൽ ഫെബ്രുവരി 24ന് നടത്തുന്ന അഡ്വാൻസ്ഡ് എക്സൽ വർക്ക്ഷോപ്പിന് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു ആണ് അടിസ്ഥാന യോഗ്യത. കോഴ്സ് ഫീസ് 750 + ജി.എസ്.ടി. താൽപ്പര്യമുള്ളവർ രജിസ്റ്റർ ചെയ്യുന്നതിനായി 8136882389, 9495069307, 8547005087, 9895570442, 0471-2660512 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

## സ്പോട്ട് അഡ്മിഷൻ

ഐ.എച്ച്.ആർ.ഡി. തിരുവനന്തപുരം മുട്ടട റീജിയണൽ സെന്ററിൽ 2026 ജനുവരി മുതൽ ആരംഭിച്ച പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ ഡാറ്റ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി സയൻസ് കോഴ്സുകളിലേക്ക് സ്പോട്ട് അഡ്മിഷന് അപേക്ഷിക്കാം. എസ്.സി/ എസ്.ടി/ ഒ.ഇ.സി വിഭാഗക്കാർക്ക് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള പ്രകാരം ഫീസ് സൗജന്യം ലഭിക്കും. പ്രവേശനത്തിനായി ഐ.എച്ച്.ആർ.ഡി. യുടെ റീജിയണൽ സെന്ററിൽ നേരിട്ടോ 9495069307, 8547005087, 9400519491, 0471-2550612 (0) എന്നീ നമ്പറുകളിലോ ബന്ധപ്പെടണം.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

വെളിയം പടിഞ്ഞാറ്റിൻകരയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ. കൊട്ടാരക്കരയിൽ വർക്ക് ഷോപ്പ് കാൽക്കുലേഷൻ ആൻഡ് സയൻസ്, എൻജിനിയറിങ് ഡ്രോയിങ്, എംപ്ലോയബിലിറ്റി സ്കിൽ വിഷയങ്ങളിൽ എസ്.സി കാറ്റഗറിയിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവിലേക്കുള്ള അഭിമുഖം 21 രാവിലെ 11ന് ഐ.ടി.ഐയിൽ വച്ച് നടക്കും. എം.ബി.എ/ ബി.ബി.എ/ ബിരുദം/ ഏതെങ്കിലും വിഷയത്തിൽ മൂന്ന് വർഷത്തെ ഡിപ്ലോമ/ ബി.വോക്ക്/ എ.ഐ.സി.ടി.ഇ/ യു.ജി.സി അംഗീകൃത എൻജിനിയറിങ് കോളേജിൽ നിന്നുള്ള എൻജിനിയറിങ് ബിരുദം എന്നിവയാണ് യോഗ്യത. കൂടുതൽ വിവരങ്ങൾക്ക്: 8589898962,

## ഭാര്യയെ വെട്ടി; ഭർത്താവ് തൂങ്ങിമരിച്ചു

കാസർകോഡ്: കാഞ്ഞങ്ങാട്ട് ഭാര്യയെ വെട്ടിപരിക്കേൽപ്പിച്ച ഭർത്താവ് തൂങ്ങിമരിച്ചു. കാഞ്ഞങ്ങാട് കടപ്പുറം ബാവ നഗർ ഇല്യാസിലെ ഇബ്രാഹിമിനെയാണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. തലയ്ക്കു ഗുരുതരമായി വെട്ടേറ്റ ഭാര്യ മറിയത്തെ മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുടുംബ പ്രശ്നത്തെതുടർന്നാണ് സംഭവമെന്നാണ് പ്രാഥമിക നിഗമനം.

# കരിമ്പുഴ വന്യജീവി സങ്കേതത്തിൽ മൃതദേഹം തിരിച്ചറിയാത്തവിധം അഴുകിയ നിലയിൽ

മലപ്പുറം: കരിമ്പുഴ വന്യജീവി സങ്കേതത്തിൽ കണ്ടെത്തിയ മൃതദേഹം മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി. വടക്കേക്കോട്ട മലവാരത്തിൽ അഴുകിയ നിലയിൽ കണ്ടെത്തിയ മൃതദേഹത്തിന് ഒരു മാസത്തോളം പഴക്കമുണ്ടെന്നാണ് കരുതുന്നത്. വ്യാഴാഴ്ച പോസ്റ്റുമോർട്ടത്തിന് ശേഷം മൃതദേഹം സംസ്കരിക്കും. അമരമ്പലം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന അച്ഛനള ചോലനായിക്ക ആദിവാസി സങ്കേതത്തോട് ചേർന്നുള്ള വലിയച്ചൻത്തോടിന് സമീപത്തെ പുല്ലട്ടിക്കുന്നിലാണ് മൃതദേഹം കണ്ടെത്തിയത്.

വനത്തിനകത്ത് കടുവ കണക്കെടുപ്പിൻറെ ഭാഗമായി കാമറകൾ മാറ്റി സ്ഥാപിക്കാനെത്തിയ ഉദ്യോഗസ്ഥ സംഘമാണ് ചൊവ്വാഴ്ച മൃതദേഹം കണ്ടെത്തിയത്. ഉൾവനത്തിൽനിന്ന് തിരിച്ചെത്തിയ വനപാലകർ വിവരം റവന്യൂ, പോലീസ്, വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിച്ചു. തുടർന്ന് ബുധനാഴ്ച രാവിലെ ഏഴോടെ മൂന്ന് വിഭാഗത്തിലെയും ഉദ്യോഗസ്ഥർ സ്ഥലത്തെത്തി.

ആളെ തിരിച്ചറിയാൻ കഴിയാത്ത വിധം അഴുകിയ മൃതദേഹം ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷമാണ് ആശുപത്രിയിലേക്ക് മാറ്റിയത്. അച്ചനളയിലെ ആദിവാസിയായ മാതൻകുട്ടിയുടെ മൃതദേഹമാണെന്നാണ് പ്രാഥമിക നിഗമനം. ദുർഘടപാതയിലൂടെ ഏറെ ശ്രമകരമായാണ് മൃതദേഹം വനത്തിന് പുറത്തെത്തിച്ചത്.

ഉൾക്കാട്ടിലൂടെ ഒരു മണിക്കുറോളം കാൽനടയായി സഞ്ചരിച്ചാണ് ഉദ്യോഗസ്ഥ സംഘം അച്ചനള ഉന്നതിയിലെത്തിയത്. മഞ്ചേരി മെഡിക്കൽ കോളജിൽ പോസ്റ്റ് മോർട്ടത്തിന് ശേഷം മരണ കാരണം വ്യക്തമാകുമെന്നാണ് പ്രതീക്ഷ.

# പ്ലസ്ടു കഴിഞ്ഞവർക്ക് ജർമ്മനിയിൽ സ്റ്റൈപ്പന്റോടെ നഴ്സിങ് പഠനം

### നോർക്ക ട്രിപ്പിൾവിൻ ട്രെയിനി പ്രോഗ്രാമിലേയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം

പ്ലസ്ടു വിനുശേഷം ജർമ്മനിയിൽ സൗജന്യവും സ്റ്റൈപ്പന്റോടെയുമുള്ള നഴ്സിങ് പഠനത്തിനും തുടർന്ന് ജോലിയ്ക്കും അവസരമൊരുക്കുന്ന നോർക്ക റൂട്ട്സ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിന്റെ മൂന്നാമത്തെ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു.

നിലവിൽ ജർമ്മനിയിലെ കെയർ ഹോമുകളിലും ആശുപത്രികളിലുമുള്ള 20 ഒഴിവുകളിലേയ്ക്കാണ് അവസരം. ജർമ്മനിയിൽ രജിസ്ട്രേഡ് നഴ്സ് ആയി പ്രാക്ടീസ് ചെയ്യുന്നതിനുള്ള വൊക്കേഷണൽ നഴ്സിങ് ട്രെയിനിങ്ങാണ് പദ്ധതി വഴി ലഭിക്കുന്നത്. ബയോളജി ഉൾപ്പെടുന്ന സയൻസ് സ്ട്രീമിൽ, പ്ലസ് ടുവിന് കുറഞ്ഞത് 60 ശതമാനം മാർക്കുണ്ടാകണം. ഇതോടൊപ്പം ജർമ്മൻ ഭാഷയിൽ B1, B2 ലെവൽ പാസ്സായവരുമാകണം (ഗോയ്ഥേ, ടെൽക്, OSD, TestDaf എന്നിവിടങ്ങളിൽ നിന്നും) അപേക്ഷകർ. താൽപര്യമുള്ളവർ www.norkaroots.kerala.gov.in, www.nifl.norkaroots.org വെബ്സൈറ്റുകൾ സന്ദർശിച്ച് മാർച്ച് ഏഴിനകം അപേക്ഷ നൽകണം. അഭിമുഖം മാർച്ച് അവസാന ആഴ്ച നടക്കും. ജർമ്മൻ ഭാഷ പരിശീലനം (ബി2 ലെവൽ വരെ), നിയമന പ്രക്രിയയിലുടനീളമുള്ള പിന്തുണ, ജർമ്മനിയുടെ ആരോഗ്യ പരിപാലന മേഖലയിൽ തൊഴിൽ സാധ്യത, ജർമ്മനിയിലെത്തിയ ശേഷം പഠനസമയത്ത് പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ ലഭിക്കും.

ആരോഗ്യ മേഖലയിലെ മുൻപരിചയം (ഉദാ. ജൂനിയർ റെഡ്ക്രോസ് അംഗത്വം) അധികയോഗ്യതയായി പരിഗണിക്കും.

18 നും 27 നും (01/03/2026ൽ) ഇടയിൽ പ്രായമുള്ള കേരളീയരായ വിദ്യാർത്ഥികൾക്കാണ് പ്രോഗ്രാമിലേയ്ക്ക് അപേക്ഷിക്കാൻ കഴിയുക. നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെൻറ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇൻറർനാഷണൽ കോ-ഓപ്പറേഷനും സംയുക്തമായാണ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാം സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0471- 2770577, 2770536, 2770540, 2770539, or 2770566 (ഓഫീസ് സമയത്ത്, പ്രവൃത്തി ദിനങ്ങളിൽ) എന്നീ നമ്പറുകളിലോ നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

# ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു

തിരൂർ അഡീഷണൽ ഐ.സി.ഡി.എസിലെ തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് അങ്കണവാടി ഹെൽപ്പർ തസ്തികകളിലേക്ക് നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിൽ സ്ഥിരതാമസക്കാരും 01.01.2026ന് 18നും 46നും ഇടയ്ക്ക് പ്രായമുള്ളവരുമായ വനിതകളായിരിക്കണം. എഴുത്തും വായനയും അറിയുന്നവരും എസ്.എസ്.എൽ.സി ജയിക്കാത്തവരുമായവർക്ക് ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷിക്കാം. പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മൂന്നുവർഷവും ടി തസ്തികകളിൽ മിനിമം ഒരു വർഷമെങ്കിലും സേവന പരിചയമുള്ളവർക്ക് ആനുപാതികമായും ഉയർന്ന പ്രായ പരിധിയിൽ ഇളവും ലഭിക്കും. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം മാർച്ച് 5 വൈകിട്ട് 5ന് മുമ്പ് തിരൂർ അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിൽ സമർപ്പിക്കണം. അപേക്ഷയുടെ മാതൃക തിരൂർ അഡീഷണൽ ഐ.സി.ഡി.എസ് ആലത്തിയൂർ, തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. പ്രസ്തുത വാർഡിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖ, പ്രായം തെളിയിക്കുന്ന രേഖ, ആധാർ കാർഡ് എന്നിവ ഹാജരാക്കണം.

## കമ്പ്യൂട്ടർ ആന്റ് ഡി.റ്റി.പി ഓപ്പറേഷൻ കോഴ്സ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരത്തുള്ള ട്രെയിനിങ് ഡിവിഷനിൽ ആരംഭിച്ച സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ആന്റ് ഡി.റ്റി.പി ഓപ്പറേഷൻ കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആരംഭിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി / പട്ടികവർഗ / മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. അപേക്ഷർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിങ്, ട്രെയിനിങ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം. പടിഞ്ഞാറേകോട്ട, തിരുവനന്തപുരം- 695 024 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം. വെബ്സൈറ്റ്: www.captkerala.com. ഫോൺ: 0471 2467728.

## ദേശീയ പരിസ്ഥിതി സമ്മേളനം 23ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

ഹരിതകേരള മിഷൻ സംസ്ഥാനത്ത് കഴിഞ്ഞ ഒരു ദശാബ്ദകാലം നടത്തിയ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളെ മുൻനിർത്തി ത്രിദിന പരിസ്ഥിതി സമ്മേളനം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 23 മുതൽ 25 വരെ തിരുവനന്തപുരത്ത് കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന സമ്മേളനം 23 ഉച്ചയ്ക്ക് 12ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് അധ്യക്ഷത വഹിക്കും. മന്ത്രിമാരായ കെ. എൻ. ബാലഗോപാൽ, വി. ശിവൻകുട്ടി തുടങ്ങിയവർ പങ്കെടുക്കും. തുടർന്നുള്ള ദിവസങ്ങളിൽ 18 സെഷനുകളിലായി 73 പ്രബന്ധങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കും.

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ തിരുവനന്തപുരം, കൊല്ലം, ആലുവ (എറണാകുളം), പാലക്കാട്, പൊന്നാനി (മലപ്പുറം), കോഴിക്കോട്, കല്യാശ്ശേരി (കണ്ണൂർ) എന്നീ കേന്ദ്രങ്ങളിൽ ഏപ്രിൽ 27ന് ആരംഭിക്കുന്ന സിവിൽ സർവീസ് പ്രിലിംസ് കം മെയിൻസ് പരീക്ഷാ പരിശീലന ക്ലാസിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. രജിസ്ട്രേഷൻ സൗകര്യം വഠ്ുേ://സരെമെ.ീൃഴ ൽ ഫെബ്രുവരി 21 മുതൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: തിരുവനന്തപുരം: 8281098863, 0471 2313065, 2311654, 8281098861, 8281098864, കൊല്ലം: 8281098867, മൂവാറ്റുപുഴ: 8281098873, പൊന്നാനി: 0494 2665489, 8281098868, പാലക്കാട്: 0491 2576100, 8281098869, കോഴിക്കോട്: 0495 2386400, 8281098870, കല്യാശ്ശേരി: 8281098875.

## ബോയിലർ ഓപ്പറേറ്റർ

കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് കലവൂർ ആലപ്പുഴയിലേക്ക് ബോയിലർ ഓപ്പറേറ്റർ തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ITI / NTC / NAC in Boiler Competent B Class Certificate ആണ് യോഗ്യത. പ്രായപരിധി 18-41 വയസ്. പ്രതിമാസ വേതനം 18,000 രൂപ. താൽപര്യമുള്ള ഉദ്യോഗാർഥികൾ അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ മാർച്ച് 7നകം നേരിട്ട് ഹാജരാകണം.

## നെടുമങ്ങാട സർക്കാർ ടെകനിക്കൽ ഹൈസ്കൂൾ പ്രവേശനത്തിന് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു

എട്ടാം ക്ലാസ്മുതൽവിദ്യാർഥികൾക്ക്എഞ്ചിനീയറിംഗ്വിദ്യാഭ്യാസം നൽകുന്നനെടുമങ്ങാട്സർക്കാർടെക്നിക്കൽ ഹൈസ്കൂളിൽ പ്രവേശനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു. 90 സീറ്റുണ്ട്. പെൺകുട്ടികൾക്കുംആൺകുട്ടികൾക്കും പൊതുവിദ്യാഭ്യാസത്തോടോപ്പംതന്നെ 6 സ്പെഷ്യലിസ്റ്റ് ട്രേഡുകളിൽ (ഫിറ്റിങ്, വെൽഡിങ്, ഇലക്ട്രിക്കൽവയറിങ്&മെയ്ൻറനൻസ് ഓഫ്ഡൊമസ്റ്റിക് അപ്ലയൻസസ്, ആട്ടോമൊബൈൽ, ടേണിങ്&ഇലക്ട്രോപ്ലേറ്റിംഗ്) എഞ്ചിനീയറിംഗ് പരിജ്ഞാനം നേടാം. വിശദവിവരങ്ങൾക്ക്: 9846170024, 7907788350, 9446686362, 9645814820, 7907938093, 9645888216, 6235762545

## റീടെണ്ടർ ക്ഷണിച്ചു

തിരുവനന്തപുരത്ത് പുതിയതായി ആരംഭിച്ച ചാല ഗവ. ഐ.ടി.ഐയിലെ മറൈൻ ഫിറ്റർ ട്രേഡിലേക്ക് വർക്ക് ബെഞ്ച് സംഭരിക്കുന്നതിന് റീടെൻഡർ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക്: www.det.kerala.gov.in, 0471-2459255.

## കരാർ നിയമനം

നാഷണൽ ആയുഷ് മിഷൻ കേരള, പ്രൊക്യൂർമെന്റ് ഓഫീസർ, ക്യാമ്പസ് മാനേജർ തസ്തികകളിലെ ഒഴിവുകളിലേക്ക് ഫെബ്രുവരി 27ന് വാക് ഇൻ ഇന്റർവ്യു നടത്തും. വിശദവിവരങ്ങൾ www.nam.kerala.gov.inൽ ലഭിക്കും. ഫോൺ : 0471-2474550.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

ആറ്റിങ്ങൽ ഗവ ഐ.ടി.ഐ-യിൽ ഇലക്ട്രിഷ്യൻ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഈഴവ വിഭാഗത്തിനായുള്ള ഒരു ഒഴിവിലേക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ എൻജിനീയറിങ് ഡിഗ്രി/ ഡിപ്ലോമ അല്ലെങ്കിൽ ടി ട്രേഡിലെ എൻടിസിയും മൂന്നു വർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ എൻഎസിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവരിൽ നിന്നും ഗസ്റ്റ് ഇൻസ്ട്രക്ടറെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം ഫെബ്രുവരി 21ന് നടത്തും.

താൽപ്പര്യമുള്ള ടി വിഭാഗത്തിലുള്ളവർ യോഗ്യത, ഐഡന്റിറ്റി തെളിയിയ്ക്കുന്ന അസ്സൽ രേഖകളുമായി അന്നേ ദിവസം രാവിലെ 11.30-ന് ഐ.ടി.ഐ ഓഫീസിൽ നേരിട്ട് ഹാജരാകണം.

# പുനർവിവാഹം ചെയ്തതിൽ പക; ഗർഭിണിയായ മുൻ ഭാര്യയെ കൊലപ്പെടുത്തിയ യുവാവ് പിടിയിൽ

ഹൈദരാബാദ്: തെലുങ്കാനയിലെ വനസ്ഥലിപുരത്ത് മുൻ ഭാര്യയെ ക്രൂരമായി കൊലപ്പെടുത്തിയ യുവാവ് പിടിയിലായി. മൂന്ന് മാസം ഗർഭിണിയായ സുനിത (29) യെയാണ് മുൻ ഭർത്താവ് ദേവരകൊണ്ട മഹേഷ് കുത്തിക്കൊലപ്പെടുത്തിയത്.

കഴിഞ്ഞ വർഷം സുനിത പുനർവിവാഹം ചെയ്തതിൻറെ പകയെ തുടർന്നാണ് കൊലപാതകമെന്ന് പോലീസ് പറഞ്ഞു. സുനിത താമസിച്ചിരുന്ന ഫ്ലാറ്റിൽ അതിക്രമിച്ച് കയറിയ മഹേഷ് തലയിലും ശരീരത്തിൻറെ മറ്റ് ഭാഗങ്ങളിലും പലതവണ കുത്തി പരിക്കേൽപ്പിക്കുകയായിരുന്നു.

നിലവിളി കേട്ട് ഓടിയെത്തിയ കുടുംബാഗങ്ങൾ രക്തത്തിൽ കുളിച്ച് കിടക്കുന്ന സുനിതയെയാണ് കണ്ടത്. അപ്പോഴേക്കും പ്രതി ശുചിമുറിയിൽ കയറി ഒളിച്ചിരുന്നു. തുടർന്ന് പോലീസ് എത്തി ശുചിമുറിയുടെ വാതിൽ പൊളിച്ചാണ് ഇയാളെ പിടികൂടിയത്.

2022 ൽ ആയിരുന്നു ഇരുവരുടെയും വിവാഹം. വിവാഹത്തിന് ശേഷം സുനിത, ദേവരകൊണ്ടയോടൊപ്പം കാനഡയിലേക്ക് താമസം മാറിയിരുന്നു. അവിടെവച്ച് ഗാർഹിക പീഡനത്തിന് ഇരയായ സുനിത ഇയാൾക്കെതിരെ പരാതി നൽകുകയും 2024 ൽ വിവാഹമോചനം നേടുകയും ചെയ്തു.

തുടർന്ന് ഇയാൾക്കെതിരെ പോലീസ് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. കഴിഞ്ഞ വർഷം തൻറെ അമ്മ മരിച്ചതിനുശേഷമാണ് ഇയാൾ നാട്ടിൽ തിരിച്ചെത്തിയത്.

# റഷ്യയിൽനിന്നുള്ള എണ്ണ ഇറക്കുമതി ഏറ്റവു കുറഞ്ഞ നിലയിൽ

ന്യൂഡൽഹി: റഷ്യയിൽനിന്നുള്ള എണ്ണ ഇറക്കുമതി 2022ന് ശേഷം ഏറ്റവു കുറഞ്ഞ നിലയിലായെന്ന് റിപ്പോർട്ട്. എന്നാൽ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി ഇതേ കാലയളവിൽ ഏറ്റവും ഉയർന്ന വിഹിതത്തിലേക്ക് എത്തി.

2022ൽ യുക്രെയ്ൻ അധിനിവേശത്തെത്തുടർന്ന് പാശ്ചാത്ത്യരാജ്യങ്ങൾ റഷ്യയെ ഒഴിവാക്കിയപ്പോൾ ലോകത്തിലെ മൂന്നാമത്തെ വലിയ എണ്ണ ഇറക്കുമതിക്കാരായ ഇന്ത്യ ഇറക്കുമതി വർധിപ്പിച്ചു. ചില മാസങ്ങളിൽ പ്രതിദിനം രണ്ട് ദശലക്ഷം ബാരൽ വരെ ഇന്ത്യ റഷ്യയിൽനിന്ന് ഇറക്കുമതി ചെയ്തിരുന്നു. എന്നാൽ അമേരിക്കയുടെ താരിഫ് വർധനയും വ്യാപാര കരാർ ഒപ്പിടാനുള്ള സമ്മർദവും കാരണം റഷ്യയിൽനിന്ന് എണ്ണ വാങ്ങലുകൾ കുറയ്ക്കാൻ ഇന്ത്യയെ നിർബന്ധിതരാക്കിയെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

നവംബർ മുതൽ ഇന്ത്യയുടെ റഷ്യൻ ഇറക്കുമതി കുറഞ്ഞ് തുടങ്ങി. കഴിഞ്ഞ മാസം ഇന്ത്യ പ്രതിദിനം 1.1 ദശലക്ഷം ബാരൽ റഷ്യൻ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്തു. 2022 നവംബറിന് ശേഷമുള്ള ഏറ്റവും കുറഞ്ഞ നിരക്കായിരുന്നു ഇത്. മൊത്തത്തിലുള്ള എണ്ണ ഇറക്കുമതിയിൽ റഷ്യയുടെ പങ്ക് 21.2 ശതമാനമായി കുറയുകയും ചെയ്തു. ജനുവരിയിൽ നിന്നുള്ള റഷ്യയിൽ നിന്നുള്ള ഇറക്കുമതി ഡിസംബറിനെ അപേക്ഷിച്ച് 23.5 ശതമാനം കുറഞ്ഞു. ഒരു വർഷം മുമ്പുള്ളതിനേക്കാൾ ഏകദേശം മൂന്നിലൊന്നായാണ് കുറഞ്ഞത്. ഫെബ്രുവരിയിൽ ഇറക്കുമതി അളവ് പ്രതിദിനം ശരാശരി 1 മില്യൺ മുതൽ 1.2 മില്യൺ ബാരൽ വരെയും മാർച്ചിൽ ഏകദേശം 800, 000 ബാരൽ വരെയും കുറയാൻ സാധ്യതയുണ്ടെന്ന് കെപ്ലറിലെ റിഫൈനിംഗ് ആൻഡ് മോഡലിംഗ് വിഭാഗത്തിലെ ലീഡ് റിസർച്ച് അനലിസ്റ്റ് സുമിത് റിറ്റോള പറഞ്ഞു.

# നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ നവജാതശിശുവിൻെറ മരണം; കുഞ്ഞിൻറെ മാതാപിതാക്കളുടെ മൊഴി രേഖപ്പെടുത്തി, 5000 രൂപ വീതം കൈക്കൂലി വാങ്ങിയെന്ന് പിതാവ്

തിരുവനന്തപുരം: പ്രസവ ശസ്ത്രക്രിയയ്ക്കിടെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നവജാതശിശു മരിച്ച സംഭവത്തിൽ അന്വേഷണം ആരംഭിച്ച് വിദഗ്ധ സമിതി. കുഞ്ഞിൻറെ മാതാപിതാക്കളുടെ മൊഴി അന്വേഷണ സംഘം രേഖപ്പെടുത്തി. ഡോ. ബിന്ദു സുന്ദർ രണ്ടു തവണ 5000 രൂപ വീതം കൈക്കൂലി വാങ്ങിയെന്നാണ് കുഞ്ഞിൻറെ പിതാവ് ബിനിൽ മൊഴി നൽകിയിരിക്കുന്നത്. ഇന്നലെ രാത്രി നെടുമങ്ങാട് ആശുപത്രിയിൽ എത്തിയാണ് മൊഴി എടുത്തത്.

ഇന്നുതന്നെ റിപ്പോർട്ട് തയാറാക്കി സമർപ്പിക്കണമെന്നാണ് ആരോഗ്യമന്ത്രി വീണാ ജോർജ് നിർദേശം നൽകിയിരിക്കുന്നത്. ഡോ. ബിന്ദു സുന്ദർ കൈക്കൂലി വാങ്ങിയെന്ന ബിനിലിൻറെ മൊഴിയുമായി ബന്ധപ്പെട്ട തെളിവുകളും കുഞ്ഞിൻറെ മരണവുമായി ബന്ധപ്പെട്ട അന്വേഷണവും നടക്കുന്നുണ്ട്. ചികിത്സാ പിഴവാണോ മറ്റെന്തെങ്കിലും ആരോഗ്യ പ്രശ്നമാണോ കുഞ്ഞിൻറെ മരണത്തിന് പിന്നിലെന്നാണ് പരിശോധിക്കുന്നത്.

ആരോഗ്യമന്ത്രിക്ക് പൂർണമായ റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം മറ്റ് നടപടികൾ സ്വീകരിക്കും. ബിന്ദു സുന്ദർ എന്ന ഡോക്ടറിൻറെ പേരിൽ വരുന്ന ആദ്യത്തെ പരാതിയല്ല ഇതെന്നും റിപ്പോർട്ടുണ്ട്. ഇവർക്കെതിരെ ഡിഎംഒയ്ക്കും ആശുപത്രി സൂപ്രണ്ടിനുമടക്കം മുമ്പും പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ കേസുകളും അന്വേഷണ സംഘം പരിശോധിക്കുന്നുണ്ട്.

# ന്യൂനമർദവും ന്യൂനമർദ പാത്തിയും: കൊടുംചൂടിൽ ആശ്വാസമായി മഴയെത്തും, യെല്ലോ അലർട്ട്

തിരുവനന്തപുരം: കൊടുംചൂടിൽ ആശ്വാസമായി സംസ്ഥാനത്ത് മഴയ്ക്ക് സാധ്യത. തെക്കൻ-മധ്യ ജില്ലകളിൽ ഇന്നും വെള്ളിയാഴ്ചയും മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിൽ ഇന്നും വെള്ളിയാഴ്ചയും മഴയ്ക്ക് സാധ്യതയുണ്ട്. ശനിയാഴ്ച മുതൽ തിങ്കളാഴ്ച വരെ എല്ലാ ജില്ലകളിലും മഴയെത്തും.

ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് ശനി, ഞായർ ദിവസങ്ങളിൽ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും ഞായറാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

ഭൂമധ്യ രേഖക്ക് സമീപം ബംഗാൾ ഉൾക്കടലിനു മുകളിലെ ന്യൂനമർദം അടുത്ത 24 മണിക്കൂറിനുള്ളിൽ ദുർബലമായേക്കും. അതേ സമയം, ഭൂമധ്യ രേഖക്ക് സമീപം തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിന് മുകളിൽ രൂപപ്പെട്ട ചക്രവാതച്ചുഴി വെള്ളിയാഴ്ചയോടെ ന്യൂനമർദമായി ശക്തി പ്രാപിക്കാൻ സാധ്യതയുണ്ട്. അതോടൊപ്പം ന്യൂനമർദം മുതൽ തെക്കൻ കേരളം, തമിഴ്നാട് മുകളിലൂടെ ലക്ഷദ്വീപ് വരെ ന്യൂനമർദ പാത്തിയും രൂപപ്പെടും. ഇതിൻറെ സ്വാധീനഫലമായാണ് മഴയെത്തുന്നത്.

# ഷമാർ ജോസഫിന് നാലുവിക്കറ്റ്; ഇറ്റലിയെ 42 റൺസിന് വീഴ്ത്തി വിൻഡീസ്

കോൽക്കത്ത: ടിൻറി20 ലോകകപ്പ് ഗ്രൂപ്പ് സി പോരാട്ടത്തിൽ ഇറ്റലിയെ 42 റൺസിനു വീഴ്ത്തി വെസ്റ്റ് ഇൻഡീസ്. ആദ്യം ബാറ്റ് ചെയ്ത വിൻഡീസ് ഉയർത്തിയ 166 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇറ്റലി 18 ഓവറിൽ 123 റൺസിനു പുറത്തായി.

26 റൺസെടുത്ത ബെൻ മനെൻറിയാണ് ഇറ്റാലിയൻ നിരയിലെ ടോപ് സ്കോറർ. അതേസമയം, താരത്തെ കൂടാതെ, ജെ. ജെ. സ്മട്ട്സ് (24), ആന്തണി മോസ്ക (19), ഗ്രാൻറ് സ്റ്റിവാർട്ട് (12) എന്നിവർക്കു മാത്രമേ രണ്ടക്കമെങ്കിലും കടക്കാനായുള്ളൂ. 30 റൺസ് മാത്രം വഴങ്ങി നാലുവിക്കറ്റ് വീഴ്ത്തിയ ഷമാർ ജോസഫാണ് ഇറ്റാലിയൻ ബാറ്റിംഗ് നിരയെ തകർത്തത്. മാത്യു ഫോർഡ് മൂന്നും ഗുഡാകേഷ് മോട്ടി രണ്ടും അകീൽ ഹൊസൈൻ ഒരു വിക്കറ്റും വീഴ്ത്തി.

നേരത്തെ, ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ വിൻഡീസ് 46 പന്തിൽ 75 റൺസ് അടിച്ചുകൂട്ടിയ നായകൻ ഷായ് ഹോപ്പിൻറെ ഇന്നിംഗ്സ് കരുത്തിലാണ് ഭേദപ്പെട്ട സ്കോറിലെത്തിയത്. റോസ്ടൺ ചേസ് (24), ഷെർഫാനെ റുഥർഫോർഡ് (24), മാത്യു ഫോർഡ് (16) എന്നിവരും തരക്കേടില്ലാത്ത സംഭാവനകൾ നല്കി.

ഇറ്റലിക്കു വേണ്ടി ബെൻ മനെൻറി, ക്രിഷാൻ കലുഗമാഗെ എന്നിവർ രണ്ടുവിക്കറ്റ് വീതം വീഴ്ത്തിയപ്പോൾ അലി ഹസൻ, തോമസ് ഡ്രാക്ക എന്നിവർ ഓരോ വിക്കറ്റ് വീതവുമെടുത്തു.

# സ്വകാര്യ ബസ് കാലിലൂടെ കയറിയിറങ്ങി;വയോധികന് ദാരുണാന്ത്യം

മലപ്പുറം: സ്വകാര്യ ബസ് കാലിലൂടെ കയറിയിറങ്ങിയ വയോധികൻ ചികിത്സയിലിരിക്കെ മരിച്ചു. വളാഞ്ചേരി മുക്കിലപീടിക സ്വദേശി ശശി ആണ് മരിച്ചത്. വളാഞ്ചേരി ടൗണിൽ ബുധനാഴ്ച വൈകുന്നേരം 6: 45ഓടെ ആയിരുന്നു അപകടം.

റോഡിലൂടെ നടന്നുപോകുകയായിരുന്ന ശശിയുടെ കാലിലൂടെ സ്വകാര്യ ബസ് കയറിയിറങ്ങുകയായിരുന്നു. വളാഞ്ചേരി-കോഴിക്കോട് റോഡിലായിരുന്നു അപകടം. പുത്തനത്താണി ഭാഗത്തു നിന്നും വന്ന സ്വകാര്യ ബസ് ആണ് ശശിയുടെ കാലിലൂടെ കയറിയിറങ്ങിയത്. അപകടത്തെ തുടർന്ന് നാട്ടുകാർ ഉടൻ തന്നെ ശശിയെ വളാഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു. പരിക്ക് ഗുരുതരമായതിനാൽ പ്രാഥമിക ചികിത്സയ്ക്ക് ശേഷം വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളജിലേക്ക് മാറ്റാൻ തീരുമാനിച്ചിരുന്നു. എന്നാൽ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണം സംഭവിച്ചു.

# ഇറാനെതിരേ ആക്രമണം ഏതു നിമിഷവും; ട്രംപിൻെറ അന്തിമ തീരുമാനം ഉടൻ

ന്യൂഡൽഹി: ഇറാനെതിരേ ആമേരിക്കൻ ആക്രമണം ഏതു നിമിഷവും സംഭവിച്ചേക്കാമെന്ന് റിപ്പോർട്ട്. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഇതുവരെ അന്തിമ ഉത്തരവു നൽകിയിട്ടില്ലെങ്കിലും ഏതു നിമിഷവും ആക്രമണത്തിനു തയാറായിരിക്കാൻ വൈറ്റ് ഹൗസ് സൈന്യത്തിനു നിർദേശം നൽകിയതായി സിഎൻഎൻ, സിബിഎസ് തുടങ്ങിയ പ്രമുഖ അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

ഇറാനെതിരെയുള്ള നീക്കത്തിൻറെ ഭാഗമായി പശ്ചിമേഷ്യയിൽ അമേരിക്കവൻ സന്നാഹമാണ് ഒരുക്കിയിരിക്കുന്നത്. നിലവിൽ പതിമൂന്നു യുദ്ധക്കപ്പലുകളാണ് മേഖലയിൽ സർവസജ്ജമായി നിലയുറപ്പിച്ചിട്ടുള്ളത്. ലോകത്തിലെ ഏറ്റവും വലിയ വിമാനവാഹിനിക്കപ്പലായ യുഎസ്എസ് ജെറാൾഡ് ആർ. ഫോർഡ് അറ്റ്ലാൻറിക് സമുദ്രത്തിൽ നിന്നു പശ്ചിമേഷ്യ ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനു പുറമെ യുഎസ്എസ് ഏബ്രഹാം ലിങ്കൺ എന്ന വിമാനവാഹിനിക്കപ്പലും മേഖലയിലുണ്ട്. എഫ്-22 റാപ്റ്റർ സ്റ്റെൽത്ത് യുദ്ധവിമാനങ്ങൾ, എഫ്-15,എഫ്-16 പോർവിമാനങ്ങൾ എന്നിവയുൾപ്പെടെയുള്ള വ്യോമസേനയും സുസജ്ജമായി മേഖലയിൽ നിലയുറപ്പിച്ചിട്ടുണ്ട്.

സൈന്യം സർവ സജ്ജമാണെങ്കിലും ആക്രമണത്തിൻറെ കാര്യത്തിൽ ട്രംപ് അന്തിമ തീരുമാനത്തിലെത്തിയിട്ടില്ലെന്നാണ് വിവരം. സൈനിക നടപടിയെ അനുകൂലിച്ചും പ്രതികൂലിച്ചും തൻറെ ഉപദേശകരുമായി ട്രംപ് ചർച്ചകൾ നടത്തുന്നുണ്ട്. ആണവ കരാറുമായി ബന്ധപ്പെട്ട് ട്രംപ്, ഇറാനു മേൽ കടുത്ത സമ്മർദ്ദം ചെലുത്താനാണ് ലക്ഷ്യമിടുന്നത്. എന്നാൽ നയതന്ത്ര ചർച്ചകളിലൂടെ പുതിയൊരു കരാർ ഉണ്ടാക്കാൻ സാധിക്കുമോ എന്നാണ് ട്രംപ് ഇപ്പോൾ ആലോചിക്കുന്നതെന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

ആണവ തർക്കം ഉൾപ്പെടെ ആറോളം പ്രധാന കാരണങ്ങളാണ് ഇറാനെതിരേ ആക്രമണത്തിന് ട്രംപിനെ പ്രേരിപ്പിക്കുന്നത്. ഇറാനുമായുള്ള ആണവ ചർച്ചകൾ ജനീവയിൽ പുരോഗമിക്കുന്നുണ്ടെങ്കിലും കാര്യമായ പുരോഗതിയില്ലാത്തത് അമേരിക്കയെ ചൊടിപ്പിച്ചിട്ടുണ്ട്. ഇറാൻ ഉടമ്പടിക്കു തയാറാകുന്നതാണ് ഉചിതമെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലെവിറ്റ് വ്യക്തമാക്കിയിരുന്നു.

ഇറാനിലെ ജനകീയ പ്രതിഷേധങ്ങളെ അടിച്ചമർത്തുന്ന ഭരണകൂട നിലപാടിനെ ട്രംപ് രൂക്ഷമായി വിമർശിച്ചിരുന്നു. പ്രതിഷേധക്കാരെ സഹായിക്കാൻ അമേരിക്കൻ സൈന്യം രംഗത്തിറങ്ങുമെന്ന് ട്രംപ് നേരത്തെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇറാനെതിരെയുള്ള സൈനിക നീക്കത്തിന് ഇസ്രയേൽ പൂർണ പിന്തുണയും നൽകുന്നുണ്ട്. ഇറാൻറെ ഭാഗത്തുനിന്നു തിരിച്ചടിയുണ്ടാകാൻ സാധ്യതയുണ്ടെങ്കിലും, ആഭ്യന്തര പ്രതിഷേധങ്ങൾ കാരണം ഭരണകൂടം ദുർബലമാണെന്നും അതിനാൽ പ്രതിരോധം പരിമിതമായിരിക്കുമെന്നും യുഎസ് സൈനിക വൃത്തങ്ങൾ വിശ്വസിക്കുന്നു.

# നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാനില്ലെന്ന് കെ. ബാബു എംഎൽഎ

കൊച്ചി: നിയമസഭാ തെരഞ്ഞെടുപ്പിൽ ഇനി മത്സരിക്കാനില്ലെന്ന് മുൻ മന്ത്രിയും തൃപ്പൂണിത്തുറ എംഎൽഎയുമായ കെ. ബാബു. എറണാകുളം ഡിസിസി അധ്യക്ഷൻ മുഹമ്മദ് ഷിയാസിനും മറ്റു നേതാക്കൾക്കുമൊപ്പം ഡിസിഡി ഓഫിസിലെത്തിയായിരുന്നു ബാബുവിൻറെ പ്രഖ്യാപനം.

താൻ മത്സരിക്കുന്നില്ലെങ്കിലും തൃപ്പൂണിത്തുറ മണ്ഡലം യുഡിഎഫ് നിലനിർത്തുമെന്നും മികച്ച സ്ഥാനാർഥിയെ പാർട്ടി നേതൃത്വം പ്രഖ്യാപിക്കുമെന്നും കെ. ബാബു വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ബാബു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നില്ലെന്നു നേരത്തെ പ്രചാരണം ഉണ്ടായിരുന്നെങ്കിലും ഇപ്പോഴാണ് ഔദ്യോഗിക പ്രഖ്യാപനം ഉണ്ടാകുന്നത്. പിൻഗാമിയെ നിർദേശിക്കാനില്ലെന്നും ബാബു വ്യക്തമാക്കി. ഉമ്മൻ ചാണ്ടി സർക്കാരിൻറെ കാലത്ത് ബാർ കോഴ ആരോപണം ഉയരുമ്പോൾ എക്സൈസ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിയായിരുന്ന കെ. ബാബു. തൊട്ടുപിന്നാലെ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ സിപിഎം നേതാവ് എം. സ്വരാജിനോട് തൃപ്പൂണിത്തുറയിൽ പരാജയപ്പെടുകയും ചെയ്തു. എന്നാൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സ്വരാജിനെ തന്നെ വീഴ്ത്തിയാണ് അദ്ദേഹം ഒരിക്കൽ കൂടി നിയമസഭയിൽ എത്തിയത്.

തൃപ്പൂണിത്തുറയിലെ തെരഞ്ഞെടുപ്പ് വിധി ചോദ്യം ചെയ്ത് ഇടത് സ്ഥാനാർഥി കോടതിയെ സമീപിച്ചെങ്കിലും കെ. ബാബുവിൻറെ വിജയം കോടതി ഒടുവിൽ അംഗീകരിക്കുകയായിരുന്നു.

# ലൗ ജിഹാദ് ഒരു കെട്ടുകഥയല്ല; മുഖ്യമന്ത്രിക്ക് ഇഷ്ടമില്ലെങ്കിൽ സിനിമ കാണണ്ടെന്ന് രാജീവ് ചന്ദ്രശേഖർ

ന്യൂഡൽഹി: വിവാദ ചലച്ചിത്രം കേരള സ്റ്റോറിയുടെ രണ്ടാം ഭാഗത്തിനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ വിമർശനം ഉന്നയിച്ച സംഭവത്തിൽ പ്രതികരണവുമായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ.

കേരള സ്റ്റോറി ഇഷ്ടമുള്ളവർക്ക് കാണാം, മുഖ്യമന്ത്രിക്ക് ഇഷ്ടമല്ലെങ്കിൽ സിനിമ കാണേണ്ടതില്ലെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ആവിഷ്കാര സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ടെന്നും ലൗ ജിഹാദ് ഒരു കെട്ടുകഥയല്ലെന്നും ബിജെപി അധ്യക്ഷൻ ആരോപിച്ചു.

ഹമാസ് ഇവിടെ വരുമ്പോൾ മുഖ്യമന്ത്രിക്ക് പ്രശ്നം ഇല്ലെന്നും എന്നാൽ മൂക്കിന് മുൻപിൽ നടക്കുന്ന ലൗ ജിഹാദുകളെ കുറിച്ച് മുഖ്യമന്ത്രി അന്വേഷിക്കുന്നില്ലെന്നും പറഞ്ഞ രാജീവ് ചന്ദ്രശേഖർ വികസനത്തെക്കുറിച്ച് ചർച്ച ചെയ്യാതെ ഗാസയെയും കേരള സ്റ്റോറിയേയും കുറിച്ചാണോ മുഖ്യമന്ത്രി ചർച്ച ചെയ്യേണ്ടതെന്നും ചോദിച്ചു.

കഴിഞ്ഞ 10 കൊല്ലമായി ഒരു സമുദായത്തിൻറെ വോട്ടിനുവേണ്ടി മുഖ്യമന്ത്രി മൗനമായിട്ട് ഇരിക്കുകയാണ്. ഹമാസിനെ വിളിച്ചു വരുത്തി സ്വീകരിക്കുന്നു. കേരളത്തിൽ ലൗ ജിഹാദ് ഉണ്ടെന്ന് ചിലർ തന്നോട് നേരിട്ട് പറഞ്ഞിട്ടുണ്ടെന്നും ബിജെപി അധ്യക്ഷൻ അഭിപ്രായപ്പെട്ടു.

ലൗ ജിഹാദ്- ഹമാസ് എന്നൊക്കെ പറഞ്ഞാൽ ഉടൻ വർഗീയവാദികളായി ചിത്രീകരിക്കും. അങ്ങനെ അഭിപ്രായമുള്ളവർ ഉണ്ട്. അങ്ങനെ ഒന്ന് ഇല്ലെങ്കിൽ തെളിയിക്കണമെന്നും രാജീവ് ചന്ദ്രശേഖർ കൂട്ടിച്ചേർത്തു.

# കെടിഡിസി ചെയർമാൻ സ്ഥാനം രാജിവച്ച് പി. കെ. ശശി

തിരുവനന്തപുരം: യുഡിഎഫിൽ ചേരുമെന്ന് അഭ്യൂഹങ്ങൾക്കിടെ കെടിഡിസി ചെയർമാൻ സ്ഥാനം രാജിവച്ച് പി. കെ. ശശി. സിപിഎം പാലക്കാട് ജില്ലാ നേതൃത്വം ശശിയെ ചെയർമാൻ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യണമെന്ന് നേരത്തെ ആവശ്യപ്പെട്ടിരുന്നെങ്കിലും സംസ്ഥാന നേതൃത്വം തയാറായിരുന്നില്ല.

കഴിഞ്ഞ കുറച്ചുനാളുകളായി സിപിഎമ്മുമായി അകലം പാലിച്ചിരുന്ന പി. കെ. ശശി സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻറെ നേതൃത്വത്തിലുള്ള എൽഡിഎഫ് ജാഥയിലും പങ്കെടുത്തിരുന്നില്ല. ആരോഗ്യ പ്രശ്നങ്ങളെ തുടർന്നാണ് ജാഥയിൽ നിന്ന് വിട്ടുനിൽക്കുന്നതെന്നായിരുന്നു ശശിയുടെ മറുപടി.

എന്നാൽ നേതൃത്വത്തോടുള്ള അതൃപ്തിയാണ് കാരണമെന്നാണ് വിലയിരുത്തൽ.

ഷൊർണൂർ മുൻ എംഎൽഎ ആയിരുന്ന ശശിയെ സിപിഎം ജില്ലാ കമ്മിറ്റിയിൽനിന്ന് ബ്രാഞ്ച് കമ്മിറ്റിയിലേക്ക് തരംതാഴ്ത്തിയിരുന്നു.

സഹകരണ കോളജിൻറെ പ്രവർത്തനങ്ങളിലും ഇതിലേക്ക് പാർട്ടി നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ട് സ്വീകരിച്ചതിലും ക്രമക്കേടുണ്ടായെന്നുള്ള ആരോപണങ്ങൾ ഉൾപ്പെടെ ഉയർന്നതിനെ തുടർന്നായിരുന്നു പാർട്ടി നടപടി.

## യുപിയിൽ അമിതവേഗത്തിലെത്തിയ കാർ മരത്തിലിടിച്ച് മൂന്ന് പേർ മരിച്ചു; രണ്ടുപേർക്ക് പരിക്ക്

ലക്നോ: യുപിയിൽ അമിതവേഗത്തിലെത്തിയ കാർ മരത്തിലിടിച്ച് മൂന്ന് പേർ മരിച്ചു, രണ്ട് പേർക്ക് പരിക്കേറ്റു. മുകേഷ് (40), മകൻ ദിവ്യാൻഷ് (20), രാമു (20) എന്നിവരാണ് മരിച്ചത്. ചന്ദർ, അഭിഷേക് എന്നിവർക്ക് പരിക്കേറ്റ് ഗുരുതരാവസ്ഥയിലാണ്. അപകടത്തിൽപ്പെട്ടവർ ചന്ദറിൻറെ സഹോദരിയുടെ വിവാഹത്തിനായി പ്രതാപ്ഗഢിലേക്ക് പോവുകയായിരുന്നു. റായ്ബറേലി സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങിയ മുകേഷ്, ദിവ്യാൻഷ്, രാമു എന്നിവരെ സ്വീകരിക്കാൻ ചന്ദറും സുഹൃത്ത് അഭിഷേകും എത്തിയിരുന്നു. അവിടെനിന്ന് നിന്ന് മടങ്ങുന്നതിനിടെ സാംഗിപൂരിൽ വച്ചാണ് കാർ നിയന്ത്രണം വിട്ട് മരത്തിലിടിച്ചത്. ഇടിയുടെ ആഘാതത്തിൽ കാറിൻറെ മുൻ ഭാഗം പൂർണമായും തകർന്നു. അപകടത്തിൽപ്പെട്ടവരെ ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചുവെങ്കിലും മുകേഷ്, ദിവ്യാൻഷ്, രാമു എന്നിവരെ രക്ഷിക്കാനായില്ല. ഗുരുതരമായി പരിക്കേറ്റ ചന്ദറിനെയും അഭിഷേകിനെയും വിദഗ്ധ ചികിത്സയ്ക്കായി റായ്ബറേലി മെഡിക്കൽ കോളജിൽ ചികിത്സയിലാണ്.

## എപ്സ്റ്റീൻ വിവാദം: എഐ ഉച്ചകോടിയിൽനിന്ന് പിന്മാറി ബിൽ ഗേറ്റ്സ്

ന്യൂഡൽഹി: എഐ ഉച്ചകോടിയിൽനിന്ന് മൈക്രോസോഫ്റ്റ് സഹസ്ഥാപകൻ ബിൽ ഗേറ്റ്സ് പിന്മാറി. അമേരിക്കൻ ലൈംഗിക കുറ്റവാളി ജെഫ്രി എപ്സ്റ്റീനുമായി ബന്ധപ്പെട്ട പുതിയ വെളിപ്പെടുത്തലുകളിൽ ബിൽ ഗേറ്റ്സിൻറെ പേര് ഉൾപ്പെട്ടതിനെത്തുടർന്നുണ്ടായ വിവാദങ്ങളാണു പിന്മാറ്റത്തിനു പിന്നിലെന്നാണു സൂചന.

ഉച്ചകോടിയുടെ സുപ്രധാന ലക്ഷ്യങ്ങളിൽനിന്നു ശ്രദ്ധ തിരിയാതിരിക്കാനാണ് ഗേറ്റ്സ് വിട്ടുനിൽക്കുന്നതെന്ന് അദ്ദേഹത്തിൻറെ ജീവകാരുണ്യ സംഘടനയായ ഗേറ്റ്സ് ഫൗണ്ടേഷൻ വക്താക്കൾ അറിയിച്ചു.

എക്സിലൂടെയാണ് ഗേറ്റ്സിൻറെ പിന്മാറ്റത്തെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവിട്ടത്. ഗേറ്റ്സിന് പകരം ഫൗണ്ടേഷൻറെ ആഫ്രിക്ക-ഇന്ത്യ ഓഫീസ് പ്രസിഡൻറ് അങ്കുർ വോറ ഉച്ചകോടിയിൽ സംസാരിക്കും.

ഉച്ചകോടിയുടെ ഔദ്യോഗിക പട്ടികയിൽനിന്ന് ചൊവ്വാഴ്ച രാവിലെ ഗേറ്റ്സിൻറെ പേരു നീക്കം ചെയ്തിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ദുർഘട മേഖലയിൽ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ ട്രൈബൽ ഹബ്ബ്

### ട്രൈബൽ മൾട്ടി പർപ്പസ് സെന്റർ മലപ്പുറത്ത് സജ്ജം

സംസ്ഥാനത്തെ ആദ്യത്തെ ട്രൈബൽ ഹബ്ബ് (ട്രൈബൽ മൾട്ടി പർപ്പസ് സെന്റർ) മലപ്പുറം വാളാംതോട്ടിൽ സജ്ജമായി. ദുർഘട മേഖലയിലുള്ള ആദിവാസി നഗറുകളിൽ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിൽ അനുവദിച്ച കേരളത്തിലെ ആദ്യത്തെ ട്രൈബൽ മൾട്ടിപർപ്പസ് സെന്ററാണ് മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിലെ വാളംതോട് ട്രൈബൽ ഹബ്ബ്.

വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും എത്തിപ്പെടാൻ പ്രയാസമുള്ള ഉൾനാടൻ ഗോത്രവർഗ മേഖലകളിൽ എല്ലാ സേവനങ്ങളും ഒരൊറ്റ മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ് ഈ സെന്ററിന്റെ ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. നിലവിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുഖേന ലഭിച്ചുവരുന്ന സേവനങ്ങൾക്ക് പുറമേ മറ്റ് സേവനങ്ങളും ഹബ്ബിലൂടെ നൽകുന്നു. ആരോഗ്യവകുപ്പ്, ഐ.സി.ഡി.എസ്, ഐ.ടി.ഡി.പി, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടെയാണ് സെന്ററിന്റെ പ്രവർത്തനം. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ സേവനവും ഉറപ്പുവരുത്തും. കൂടാതെ വാളാന്തോട് മേഖലയിലെ ആദിവാസി നഗറുകളിലെ ഊരുമിത്രം ആശമാർ, അംഗൻവാടി പ്രവർത്തകർ തുടങ്ങിയവരും കേന്ദ്രവുമായി ചേർന്ന് പ്രവർത്തിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ചാലിയാർ ഗ്രാമപഞ്ചായത്തിൽ മലപ്പുറം കോഴിക്കോട് ജില്ലകളുടെ അതിർത്തി പങ്കിടുന്ന മലയോര പ്രദേശമാണ് വാളംന്തോട്. ദുർഘട മേഖലയിലുള്ള ആദിവാസി നഗറുകളായ വെണ്ടേക്കുംപൊയിൽ, അമ്പുമല, സുപ്രീംനഗർ, തോട്ടപ്പള്ളി, നായാടംപൊയിൽ, കണ്ടിലപ്പാറ എന്നീ ട്രൈബൽ നഗറുകളിൽ നിന്നും 37 കിലോമീറ്റർ യാത്ര ചെയ്തുവേണം ചാലിയാർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് എത്താൻ.

ചുരം റോഡ് വഴിയുള്ള ഗതാഗത സൗകര്യം വളരെ കുറവായതിനാൽ ഇവിടങ്ങളിലെ ഗോത്ര ജനവിഭാഗങ്ങൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്നത് കഠിനമായിരുന്നു. ഈ പ്രയാസങ്ങൾ തിരിച്ചറിഞ്ഞാണ് 67.5 ലക്ഷം രൂപ ചെലവഴിച്ച് സമഗ്ര ആരോഗ്യ പരിരക്ഷയ്ക്കായി കെട്ടിടം നിർമ്മിച്ചത്.

ഗോത്രവർഗ ജനവിഭാഗങ്ങളെ സർക്കാർ മേഖലയിലുള്ള വിവിധ സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിനും അഭ്യസ്തവിദ്യരായ ഗോത്ര ജനതയ്ക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനും സെന്റർ സഹായിക്കും.

വിവിധ സാമൂഹിക-സാമ്പത്തിക പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന ഏകജാലക സംവിധാനമായും ഇത് പ്രവർത്തിക്കും. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്താനും കേന്ദ്രം ഉപയോഗിക്കും.

# വയനാട് മാതൃകാ ടൗൺഷിപ്പ് ഒന്നാംഘട്ടം സജ്ജം: മുഖ്യമന്ത്രി 25ന് ഉദ്ഘാടനം ചെയ്യും

### ദുരിതബാധിതർക്ക് കരുതലായി 178 വീടുകൾ പൂർത്തിയായി

മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി സർക്കാർ ഒരുക്കുന്ന വയനാട് മാതൃകാ ടൗൺഷിപ്പിന്റെ ഒന്നാംഘട്ടം പൂർത്തിയായി. ഫെബ്രുവരി 25 വൈകിട്ട് 4 ന് എൽസ്റ്റൺ എസ്റ്റേറ്റിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ടൗൺഷിപ്പിന്റെ ഉദ്ഘാടനവും ഗുണഭോക്താക്കൾക്കുള്ള പട്ടയ വിതരണവും നിർവഹിക്കും.

വയനാടിന്റെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ വിവിധ സർക്കാർ സംവിധാനങ്ങളുടെയും ഏജൻസികളുടെയും തൊഴിലാളികളുടെയും ഏകോപിതമായ പ്രവർത്തനത്തിലൂടെയാണ് ടൗൺഷിപ്പ് യാഥാർഥ്യമാകുന്നത്. ആകെ 410 വീടുകളും അനുബന്ധ സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുള്ള ടൗൺഷിപ്പിന്റെ ഒന്നാംഘട്ടത്തിൽ 178 വീടുകളാണ് പൂർത്തിയായത്. ദുരന്തത്തിൽ പൂർണമായും വീട് നഷ്ടമായ കുടുംബങ്ങൾക്കാണ് ആദ്യ ഘട്ടത്തിൽ വീടുകൾ നൽകുന്നത്. പ്രകൃതി ദുരന്തങ്ങൾ അതിജീവിക്കാൻ സാധിക്കും വിധം 1000 ചതുരശ്രയടിയിൽ ഒറ്റ നിലയിൽ പണിത കെട്ടിടങ്ങൾ ഭാവിയിൽ ഇരു നില നിർമ്മിക്കാനുള്ള അടിത്തറയോടെയാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രധാന കിടപ്പുമുറി, രണ്ട് മുറികൾ, സിറ്റൗട്ട്, ലിവിങ്, സ്റ്റഡി റൂം, ഡൈനിങ്, അടുക്കള, സ്റ്റോർ ഏരിയ എന്നിവ വീടിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ടൗൺഷിപ്പിൽ ഒരുങ്ങുന്ന 410 വീടുകളിലായി 1662 ലധികം ആളുകൾക്കാണ് തണലൊരുങ്ങുന്നത്. വീടുകൾക്ക് പുറമെ പൊതു റോഡ്, ആരോഗ്യ കേന്ദ്രം, അങ്കണവാടി, പൊതുമാർക്കറ്റ്, കമ്മ്യൂണിറ്റി സെന്ററുകൾ എന്നിവയും ഇതിന്റെ ഭാഗമായുണ്ടാവും. ആരോഗ്യ കേന്ദ്രത്തിൽ ലബോറട്ടറി, ഫാർമസി, പരിശോധന-വാക്സിനേഷൻ-ഒബ്സർവേഷൻ മുറികൾ, ഒപി, ടിക്കറ്റ് കൗണ്ടർ സൗകര്യങ്ങളും സജീകരിക്കും. പൊതു മാർക്കറ്റിൽ കടകൾ, സ്റ്റാളുകൾ, ഓപ്പൺ മാർക്കറ്റ്, കുട്ടികൾക്ക് കളി സ്ഥലം, പാർക്കിങ് എന്നിവ ഒരുക്കും. മൾട്ടി പർപ്പസ് ഹാൾ, കളി സ്ഥലം, ലൈബ്രറി, സ്പോർട്സ് ക്ലബ്ബ്, ഓപ്പൺ എയർ തിയേറ്റർ എന്നിവ കമ്മ്യൂണിറ്റി സെന്ററിൽ നിർമ്മിക്കും.

ദുരന്തബാധിതരെ പുനരധിവസിപ്പിക്കാനായി ടൗൺഷിപ്പ് നിർമ്മിക്കാൻ കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ എസ്റ്റേറ്റിലെ 64.4705 ഹെക്ടർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തത്.

അതിജീവിതർക്ക് സുരക്ഷിത സ്ഥലം വാസയോഗ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആയിരുന്നു ഭൂമി ഏറ്റെടുക്കൽ. ഭൂമി ഏറ്റെടുത്തതിന് തൊട്ടടുത്ത ദിവസം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2025 മാർച്ച് 27 ന് മുഖ്യമന്ത്രി പിണറായി വിജയൻ ടൗൺഷിപ്പിന് തറക്കല്ലിട്ടു. എല്ലാം നഷ്ടമായ ഒരുകൂട്ടം ജനതയുടെ സ്വപ്നമാണ് എൽസ്റ്റൺ എസ്റ്റേറ്റിലെ പുനരധിവാസ ടൗൺഷിപ്പ്. ടൗൺഷിപ്പിന്റെ ശേഷിച്ച നിർമ്മാണ പ്രവർത്തനങ്ങളും അതിവേഗം പുരോഗമിക്കുകയാണ്.

25ന് നടക്കുന്ന ചടങ്ങിൽ റവന്യു മന്ത്രി കെ. രാജൻ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ ഒ.ആർ. കേളു, റോഷി അഗസ്റ്റിൻ, എ.കെ. ശശീന്ദ്രൻ, കടന്നപ്പള്ളി രാമചന്ദ്രൻ, കെ.ബി. ഗണേഷ് കുമാർ, പി.എ. മുഹമ്മദ് റിയാസ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി, വയനാട് എം.പി പ്രിയങ്ക ഗാന്ധി, കൽപ്പറ്റ എം.എൽ.എ ടി. സിദ്ദിഖ്, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ റവന്യു- ദുരന്തനിവാരണ വകുപ്പ് സെക്രട്ടറി എം ജി രാജമാണിക്യം പ്രോജക്ട് റിപ്പോർട്ട് അവതരിപ്പിക്കും. വയനാട് ടൗൺഷിപ്പ് പ്രോജക്ട് സ്പെഷ്യൽ ഓഫീസർ എസ് സുഹാസ് നന്ദി അറിയിക്കും.

# മദ്യപിക്കാനാണോ കേരളത്തിലേക്ക് ടൂറിസ്റ്റുകൾ വരുന്നത്: ശോഭ സുരേന്ദ്രൻ

തിരുവനന്തപുരം: സംസ്ഥാനത്ത് ബാർ സമയം ഉയർത്തിയ സംഭവത്തിൽ സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി ബിജെപി നേതാവ് ശോഭ സുരേന്ദ്രൻ. ചോദിക്കുന്ന എല്ലാവർക്കും പെട്ടിക്കട പോലെയാണ് സർക്കാർ ബാർ അനുവദിക്കുന്നതെന്ന് ശോഭ സുരേന്ദ്രൻ പറഞ്ഞു.

ബാർ സമയം നീട്ടിയത് ബാർ മുതലാളിമാരിൽ നിന്ന് പണം പിരിച്ചെടുക്കാനാണെന്ന് ശോഭ സുരേന്ദ്രൻ ആരോപിച്ചു. ടൂറിസത്തിന് വേണ്ടിയാണ് ബാർ സമയം നീട്ടിയതെന്നാണ് എം. ബി. രാജേഷ് പറയുന്നത്. എന്നാൽ 18 കോടി ടൂറിസ്റ്റുകൾ വരുന്ന ഗുജറാത്തിൽ സമ്പൂർണ മദ്യ നിരോധനമാണെന്ന് ശോഭ സുരേന്ദ്രൻ വ്യക്തമാക്കി. കള്ള് കുടിക്കാനാണോ കേരളത്തിലേക്ക് ടൂറിസ്റ്റുകൾ വരുന്നതെന്ന് ചോദിച്ച ശോഭ, നാട് കാണാൻ വരുന്നവരെ എക്സൈസ് മന്ത്രി അപമാനിക്കുകയാണെന്നും പറഞ്ഞു. ശബരിമല സ്വർണക്കൊള്ള കേസിലും ശോഭ സുരേന്ദ്രൻ പ്രതികരിച്ചു. ശബരിമല സ്വർണക്കൊള്ള കേസിൽ എസ്ഐടി അന്വേഷണം ഫ്രീസറിലാണ്. കോടതി അത് നിരീക്ഷിക്കുമെന്നാണ് കരുതുന്നത്. വീണ്ടും കോടതിയോട് അപേക്ഷിക്കുന്നത് പൗരയെന്ന നിലയിലാണ്. ബിജെപിയുടെ ആഭ്യന്തര മന്ത്രി ഉണ്ടാകുന്നത് വരെ മാത്രമേ കള്ളന്മാർ പുറത്ത് വിഹരിക്കൂവെന്നും ശോഭ സുരേന്ദ്രൻ കൂട്ടിച്ചേർത്തു.

# നികേഷുമായി ഉടക്ക്; സിപിഎം സൈബർ ടീമിലെ മൂന്നു പേർ കളംവിട്ടു

തിരുവനന്തപുരം: സിപിഎമ്മിൻറെ സൈബർ ടീമിൽ പൊട്ടിത്തെറി. മൂന്നു മുതിർന്ന മാധ്യമപ്രവർത്തകർ സൈബർ ടീം വിട്ടു. ദേശാഭിമാനിയിലെ മുൻ ന്യൂസ് എഡിറ്റർമാർ ഉൾപ്പെടെ മൂന്നു പേരാണ് സൈബർ ടീമിൽനിന്നു വിട്ടുപോയത്.

സൈബർ ടീമിൻറെ മേൽനോട്ടം വഹിക്കുന്ന എംവി. നികേഷ്കുമാറിൻറെ രീതികളിലുള്ള വിയോജിപ്പ് കാരണമാണ് മൂന്നു പേരും സൈബർ ടീം വിട്ടതെന്നാണു ലഭിക്കുന്ന സൂചന. കെ. വി. സുധാകരൻ, കെ. മോഹൻദാസ്, ഇ. എസ്. സുഭാഷ് എന്നിവരാണ് സൈബർ ടീം വിട്ടത്. സൈബർ പ്രചാരണത്തിൽ നികേഷ് കുമാർ ആസൂത്രണം ചെയ്ത പല രീതികളും പാളിയെന്നാണ് വിമർശനം. മുഖ്യമന്ത്രിക്ക് ഉൾപ്പെടെ ഇതിൽ അതൃപ്തിയുണ്ടെന്നാണ് പുറത്തുവരുന്ന വിവരം. ഏറെ നാളായി സിപിഎമ്മിൻറെ സൈബർ പ്രചാരണത്തിനു ചുക്കാൻ പിടിച്ചു വന്നിരുന്നത് നികേഷ് കുമാറായിരുന്നു.

# യുഡിഎഫിലേക്ക് ഇല്ല; ആ ചോദ്യം തന്നെ ആഭാസമെന്ന് പി. കെ. ശശി

പാലക്കാട്: യുഡിഎഫിലേക്ക് ഇല്ലെന്ന് കെടിഡിസി ചെയർമാൻ സ്ഥാനം രാജിവച്ച സിപിഎം നേതാവും ഷൊർണൂർ മുൻ എംഎൽഎയുമായ പി. കെ. ശശി. കെടിഡിസി അധ്യക്ഷ സ്ഥാനത്ത് നിന്ന് സ്വന്തം ഇഷ്ടപ്രകാരം ഒഴിഞ്ഞതാണെന്ന് പി. കെ. ശശി പറഞ്ഞു.

വ്യക്തിപരമായ കാരണങ്ങളാണ് പദവി ഒഴിയുന്നതിലേക്ക് നയിച്ചത്. യുഡിഎഫ് പ്രവേശനം സംബന്ധിച്ച് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫുമായോ മറ്റേതെങ്കിലും യുഡിഎഫ് നേതാവുമായോ ഇതുവരെ ചർച്ചകളൊന്നും നടത്തിയിട്ടില്ലെന്നും പി. കെ. ശശി വ്യക്തമാക്കി. താൻ ഇപ്പോഴും സിപിഎം പ്രവർത്തകനാണെന്നും, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആശയം മുറുകെ പിടിക്കുന്ന ആളാണെന്നും ശശി പറഞ്ഞു. തൻറെ പ്രവർത്തനം നിരീക്ഷിച്ചാൽ അത് വ്യക്തമാകുമെന്നും തന്നോട് യുഡിഎഫിലേക്ക് പോകുമോയെന്ന് ചോദിക്കുന്നത് ആഭാസമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തൻറെ യുഡിഎഫ് പ്രവേശനം വി. ഡി. സതീശൻ ആഗ്രഹിക്കുന്നുണ്ടാകും. തനിക്കെതിരായി മണ്ണാർക്കാടും പരിസര പ്രദേശങ്ങളിലും ഉടലെടുത്ത പ്രതിഷേധങ്ങൾ ശ്രദ്ധയിൽപ്പെട്ട യുഡിഎഫ് അത് മുതലെടുക്കാൻ ശ്രമിക്കുന്നതാണെന്നും ശശി ആരോപിച്ചു. കഴിഞ്ഞ കുറച്ച് കാലമായി നേതൃത്വവുമായി ഇടഞ്ഞുനിൽക്കുന്ന പി. കെ. ശശി യുഡിഎഫിലേക്ക് പോകുമെന്ന് പ്രചാരണങ്ങൾ ശക്തമായിരുന്നു. കെടിഡിസി ചെയർമാൻ പദവി രാജിവച്ചതിന് പിന്നാലെയാണ് യുഡിഎഫ് പ്രവേശനം സംബന്ധിച്ച അഭ്യൂഹങ്ങൾക്ക് മറുപടിയുമായി ശശി രംഗത്തെത്തിയത്.

# പ്രതിപക്ഷ നേതാവ് മതവിഭാഗങ്ങളെ തമ്മിലടിപ്പിക്കാൻ ശ്രമിക്കുന്നു; രൂക്ഷ വിമർശനവുമായി ശോഭ സുരേന്ദ്രൻ

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് വി. ഡി. സതീശനെതിരെ രൂക്ഷ വിമർശനവുമായി ബിജെപി നേതാവ് ശോഭ സുരേന്ദ്രൻ. പ്രതിപക്ഷ നേതാവ് മതവിഭാഗങ്ങളെ തമ്മിലടിപ്പിക്കാനാണ് ശ്രമിക്കുന്നതെന്നും ശോഭ സുരേന്ദ്രൻ പറഞ്ഞു.

കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാർ പ്രധാനമന്ത്രി നരേന്ദ്രമോദിയെ കണ്ട പശ്ചാത്തലത്തിലാണ് വിമർശനം. ഇന്ത്യയിൽ മുസ്ലിംകൾ സുരക്ഷിതരെന്ന് കാന്തപുരം പറയുന്നു. എന്നിട്ടും പ്രതിപക്ഷ നേതാവ് അത് അംഗീകരിക്കുന്നില്ലെന്നും ശോഭ ആരോപിച്ചു.

ജമാഅത്തെ ഇസ്ലാമിയെ മടിയിൽ ഇരുത്തിയാണ് പ്രതിപക്ഷ നേതാവിത് പറയുന്നത്. മതവിഭാഗങ്ങൾ തമ്മിലടിക്കണമെന്ന വ്യാമോഹമാണ് പ്രതിപക്ഷ നേതാവിന്. നിയമസഭ തെരഞ്ഞെടുപ്പിൽ പ്രചരണത്തിന് നേതൃത്വം നൽകാനാണ് താത്പര്യമെന്നും, എന്നാൽ പാർട്ടി പറഞ്ഞാൽ മത്സരിക്കുമെന്നും ശോഭ സുരേന്ദ്രൻ കൂട്ടിച്ചേർത്തു.

# ഒന്നര കിലോ കഞ്ചാവുമായി ഓൺലൈൻ ഡെലിവറി ബോയി പിടിയിൽ

കട്ടപ്പന: ഇടുക്കിയിൽ ഒന്നര കിലോയോളം കഞ്ചാവുമായി ഡെലിവറി ബോയി പിടിയിൽ. തൃശൂർ മുല്ലക്കര സ്വദേശി കെ. എസ്. ശ്രീജിത്ത് (22 )ആണ് കട്ടപ്പനയിൽ വച്ച് എക്സൈസിൻറെ പിടിയിലായത്.

കട്ടപ്പന ഭാഗത്ത് ഓൺലൈൻ ഡെലിവറി ചെയ്യുന്ന ശ്രീജിത്ത് യുവാക്കൾക്കും വിദ്യാർഥികൾക്കും കഞ്ചാവും നൽകിയിരുന്നതായി എക്സൈസ് പറഞ്ഞു. കഞ്ചാവ് കടത്താൻ ഉപയോഗിച്ച ബൈക്കും കഞ്ചാവ് തൂക്കി പായ്ക്കറ്റുകളാക്കാൻ ഉപയോഗിച്ച ത്രാസും എക്സൈസ് കസ്റ്റഡിയിലെടുത്തു.

# രാത്രിയിൽ യാത്രക്കാരെ ഇറക്കിവിടുന്നത് തെറ്റായ നടപടി: മന്ത്രി ഗണേഷ് കുമാർ

മലപ്പുറം: ശബരിമല തീർഥാടകരെ കെഎസ്ആർടിസി ബസിൽ നിന്ന് രാത്രി ഇറക്കിവിട്ട സംഭവത്തിൽ പ്രതികരിച്ച് ഗതാഗത മന്ത്രി കെ. ബി. ഗണേഷ് കുമാർ. രാത്രിയിൽ യാത്രക്കാരെ ഇറക്കിവിടുന്നത് തെറ്റായ നടപടിയാണെന്ന് ഗണേഷ് കുമാർ പറഞ്ഞു.

കാട്ടിലാണോ യാത്രക്കാരെ ഇറക്കിവിടുന്നതെന്നും മന്ത്രി ചോദിച്ചു. പണം ഇല്ലെങ്കിൽ പോലും അങ്ങനെ ചെയ്യുന്നത് അംഗീകരിക്കാനാവില്ലെന്ന് മന്ത്രി പ്രതികരിച്ചു. സംഭവത്തിൽ രണ്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതായും ഗണേഷ് കുമാർ അറിയിച്ചു. വിഷയത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്. വിജിലൻസ് വിഭാഗവും കേസിൽ അന്വേഷണം നടത്തുന്നുണ്ട്. കണ്ടക്ടർ കുറ്റക്കാരനല്ലെന്ന് തെളിഞ്ഞാൽ സ്ഥലംമാറ്റ നടപടി റദ്ദാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പമ്പയിൽനിന്നു നിലയ്ക്കൽ സ്റ്റാൻഡിലേക്ക് ടിക്കറ്റ് എടുത്തവരെയാണ് വഴിയിൽ ഇറക്കിവിട്ടത്. നിലയ്ക്കൽ സ്റ്റാൻഡിൽ കയറാതെ ഒരു കിലോമീറ്റർ അപ്പുറം വനമേഖലയിൽ തീർഥാടകരെ ഇറക്കിവിട്ടെന്നാണ് പരാതി. പമ്പ - തിരുവനന്തപുരം കെഎസ്ആർടിസി ബസ് ഡ്രൈവർക്കെതിരെയാണ് തീർഥാടകർ പരാതിയുമായി രംഗത്തെത്തിയത്.

# എല്ലാം കെട്ടുകഥ; കേരള കോൺഗ്രസിൽ റോ ഗ്രൂപ്പില്ലെന്നു റോഷി

തിരുവനന്തപുരം: കേരള കോൺഗ്രസിൽ റോ ഗ്രൂപ്പില്ല തൻറെ ജീവിതകാലത്തിൽ ഒരിക്കലും അങ്ങനെയൊരു ഗ്രൂപ്പ് ഉണ്ടാകില്ലെന്നും ഇപ്പോൾ പ്രചരിക്കുന്നതെല്ലാം കെട്ടുകഥയാണെന്നും മന്ത്രി റോഷി അഗസ്റ്റിൻ. ജോസ് കെ. മാണി പാലായിൽ മത്സരിക്കണമെന്നതു തൻറെ വ്യക്തിപരമായ ആഗ്രഹമാണ്.

പാലായെ അനാഥമാക്കാനാകില്ല. അവിടെയുള്ള ജനങ്ങൾ തെറ്റ് തിരുത്താൻ ജോസ് കെ. മാണിക്കു വേണ്ടി വ്യഗ്രതയോടെ നിൽക്കുകയാണ്. അദ്ദേഹവുമായി ഒരു തർക്കവുമില്ല. പാർട്ടി ചെയർമാൻ ജോസ് കെ. മാണി പറയുന്നതാണ് പാർട്ടിയുടെ അഭിപ്രായം. യുഡിഎഫിലേക്കു പോകുമെന്നും കേരള കോൺഗ്രസ്-എമ്മിലെ ആരും പറഞ്ഞിട്ടില്ല. എൽഡിഎഫിൽ ഉറച്ച് നിൽക്കുമെന്ന് പാർട്ടി ചെയർമാൻതന്നെ പറഞ്ഞിരുന്നു.

പാലായിൽ ജോസ് കെ. മാണി മത്സരിക്കുമെന്നും പാർട്ടി തീരുമാനിക്കുമെന്നാണ് താൻ പറഞ്ഞത്. കെ. എം. മാണിയേക്കാൾ കൂടുതൽ അപ്ഗ്രേഡായ നേതാവാണ് ജോസ്. പാർലമെൻറിലെ അദ്ദേഹത്തിൻറെ പ്രകടനം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കടലിൻറെ അവകാശം കടലിൻറെ മക്കൾക്കെന്ന് അദ്ദേഹം പാർലമെൻറിൽ പ്രഖ്യാപിച്ചിരുന്നു.

ജോസ് കെ. മാണി നയിക്കുന്ന മധ്യമേഖലയാത്രയിൽ വലിയ ജനപങ്കാളിത്തമാണ്. കേരള കോൺഗ്രസ് -എം യുഡിഎഫിലേക്കു പോകുമെന്ന് വിശ്വസിക്കുന്ന യുഡിഎഫ് നേതാക്കൾ അവരുടെ വിശ്വാസവുമായി മുന്നോട്ടു പോകട്ടെയെന്നും റോഷി പറഞ്ഞു. ഒരു സ്വകാര്യ ചാനലിനു നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യങ്ങൾ പറഞ്ഞത്.

# കിതപ്പിനു ശേഷം കുതിച്ചുയർന്ന് സ്വർണവില; പവന് കൂടിയത് 1,680 രൂപ

കൊച്ചി: സംസ്ഥാനത്ത് ചാഞ്ചാട്ടത്തിനും വീഴ്ചകൾക്കും ശേഷം വീണ്ടും കുതിച്ചുയർന്ന് സ്വർണവില. ഗ്രാമിന് 210 രൂപയും പവന് 1,680 രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 14,345 രൂപയിലും പവന് 1,14,760 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്.

അതേസമയം, 18 കാരറ്റ് സ്വർണം ഗ്രാമിന് 11,785 രൂപയും പവന് 94,280 രൂപയുമാണ് വില. 14 കാരറ്റ് സ്വർണം ഗ്രാമിന് 9,180 രൂപയും പവന് 73,440 രൂപയുമാണ് വില. ഒമ്പത് കാരറ്റ് സ്വർണത്തിന് 5,920 രൂപയും പവന് 47,360 രൂപയുമാണ് വില. രാജ്യാന്തര വിപണിയിൽ സ്വർണവില ഔൺസിന് 5,000 ഡോളറിന് മുകളിലെത്തി. ഡോളർ ദുർബലമായതും ഇറാനെ ലക്ഷ്യമിട്ട് മധ്യേഷ്യയിൽ യുഎസ് നടത്തുന്ന സൈനിക വിന്യാസവുമാണ് സ്വർണവിലയെ ബാധിച്ചത്.

# അഖിൽ മാരാർ ട്വൻറി ട്വൻറിയിലേക്ക്; ഇന്ന് ഔദ്യോഗിക അംഗത്വം ലഭിക്കും

കോട്ടയം: ട്വൻറി ട്വൻറിയിൽ ചേരാൻ സിനിമ സംവിധായകനും ബിഗ്ബോസ് താരവുമായ അഖിൽ മാരാർ. കൊച്ചിയിൽ ഇന്ന് വൈകുന്നേരം നടക്കുന്ന വാർത്താസമ്മേളനത്തിൽ ട്വൻറി ട്വൻറി കോ ഓർഡിനേറ്റർ സാബു എം. ജേക്കബ് അഖിലിന് ഔദ്യോഗികമായി അംഗത്വം നൽകുമെന്നാണ് വിവരം.

കോൺഗ്രസുമായി സീറ്റു ചർച്ചകൾ നടത്തിയശേഷമാണ് അഖിൽ മാരാർ ട്വൻറി ട്വൻറിയിലേക്കു ചേരുന്നത്. കൊട്ടാരക്കര സ്വദേശിയായ അഖിൽ മത്സരിക്കാനുള്ള താൽപ്പര്യം കോൺഗ്രസ് നേതൃത്വത്തെ നേരത്തേ അറിയിച്ചിരുന്നു. ജയിക്കാൻ സാധ്യതയുള്ള സീറ്റ് വേണ്ടെന്നും പാർട്ടി തോൽക്കുന്ന സീറ്റ് മതിയെന്നുമായിരുന്നു അഖിൽ പറഞ്ഞിരുന്നത്.

നേമം, ധർമടം, ചടയമംഗലം എന്നീ മണ്ഡലങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരിഗണിക്കണമെന്നായിരുന്നു ആവശ്യം. ചടയമംഗലത്ത് പരിഗണിക്കാമെന്ന ഉറപ്പ് ചില നേതാക്കളിൽനിന്ന് ലഭിച്ചിരുന്നുവെന്നും അടുത്ത വൃത്തങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ പിന്നീട് അനുകൂല നിലപാട് ഇല്ലാതായതോടെയാണ് ട്വൻറി ട്വൻറിയിൽ ചേരാൻ അഖിൽ തീരുമാനിച്ചത്.

# 20 രൂപ കൂടുതൽ വാങ്ങി, സലൂൺ ജീവനക്കാരെ ചുറ്റികയ്ക്ക് അടിച്ച യുവാവ് പോലീസ് പിടിയിൽ

കൊച്ചി: മദ്യലഹരിയിൽ സലൂൺ ജീവനക്കാരെ ആക്രമിച്ച യുവാവ് പിടിയിൽ. പനമ്പിള്ളി നഗർ സ്വദേശിയായ സുഭാഷാണ് പിടിയിലായത്. മുടി വെട്ടിയതിന് കൂടുതൽ തുക വാങ്ങിയെന്ന് ആരോപിച്ചാണ് കടയിലെത്തിയ ഇയാൾ ചുറ്റികകൊണ്ട് ഭീകരാന്തരീക്ഷം സൃഷ്ടിച്ചത്. എറണാകുളം സൗത്ത് പാലത്തിന് താഴെ മെട്രോ എന്ന സലൂണിൽ ഇന്നലെ രാത്രിയാണ് സംഭവം. ചുറ്റികൊണ്ട് സലൂൺ ജീവനക്കാരനായ നിസാമുദ്ദീനെ ആക്രമിക്കാൻ ശ്രമിക്കുകയും ജീവനക്കാർക്ക് നേരെ അസഭ്യവർഷം നടത്തുകയും ചെയ്തു.

നിസാമുദ്ദീൻറെ കൈക്ക് പരിക്കേറ്റു. രണ്ടാഴ്ച മുമ്പ് 100 രൂപ നൽകി സുഭാഷ് സലൂണിൽനിന്നു മുടി വെട്ടിയിരുന്നു. എന്നാൽ മറ്റൊരു സ്ഥലത്ത് 80 രൂപയാണ് മുടി വെട്ടാൻ വാങ്ങിയത്.

20 രൂപ കൂടുതൽ വാങ്ങിയെന്ന് പറഞ്ഞാണ് ഇയാൾ ജീവനക്കാരെ ആക്രമിക്കാൻ ശ്രമിച്ചത്. പോലീസ് എത്തി അറസ്റ്റ് ചെയ്തിട്ടും ഇയാൾ അസഭ്യവർഷം തുടർന്നു.

നിരവധി കേസുകളിൽ പ്രതിയായ ഇയാൾ ജയിൽ ശിക്ഷയടക്കം അനുഭവിച്ചിട്ടുണ്ട്. വീട്ടിലും സ്ഥിരമായി പ്രശ്നമുണ്ടാക്കിയതിനെ തുടർന്നു പോലീസിന് പലതവണ ഇടപെടേണ്ടി വന്നിട്ടുണ്ട്.

# കുളത്തൂപ്പുഴയിൽ ആദിവാസി യുവാവ് വീടിനുള്ളിൽ മരിച്ച നിലയിൽ

കൊല്ലം: കുളത്തൂപ്പുഴ ചോഴിയക്കോട് ആദിവാസി യുവാവിനെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ചോഴിയക്കോട് ഒരേക്കറിൽ ശാന്ത വീട്ടിൽ സജിനാണ് മരിച്ചത്. 30 വയസായിരുന്നു. മൃതദേഹത്തിന് മൂന്നുദിവസം പഴക്കമുള്ളതായി കരുതുന്നു. വീടിൻറെ വാതിൽ തുറന്നു കിടക്കുന്നത് കണ്ട് സമീപവാസികളായ ബന്ധുക്കൾ അകത്ത് പ്രവേശിച്ചപ്പോഴാണ് തൂങ്ങിമരിച്ച നിലയിൽ സജിനെ കണ്ടത്. തുടർന്ന് കുളത്തൂപ്പുഴ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. പോലീസ് സ്ഥലത്ത് എത്തി മേൽ നടപടികൾ സ്വീകരിച്ചു. ലേഖയാണ് ഭാര്യ, മക്കൾ ദേവു, ദേവുപ്രിയ, സൗപർണിക. കോട്ടയം മുണ്ടക്കയം സ്വദേശിയായിരുന്നു സജിൻ. സംസ്ഥാന സർക്കാർ നൽകിയ ഒരേക്കർ ഭൂമി ലഭിച്ചതോടെയാണ് കുളത്തൂപ്പുഴ ചോഴിയക്കോട് ഒരേക്കറിൽ സ്ഥിര താമസമാക്കിയത്. അടുത്തിടെ കുടുംബ പ്രശ്നത്തെ തുടർന്ന് ഭാര്യയുമായി അകന്ന് കഴിയുകയായിരുന്നു. ആദിവാസി മലവേടർ വിഭാഗത്തിൽപ്പെട്ട യുവാവാണ് മരണപ്പെട്ട സജിൻ.

# അമിതവേഗത്തിലെത്തിയ കാർ വൈദ്യുതി പോസ്റ്റിലിടിച്ച് മൂന്ന് പേർ മരിച്ചു

ഗാന്ധിനഗർ: ഗുജറാത്തിലെ ദാഹോദിന് സമീപം ഇൻഡോർ അഹമ്മദാബാദ് ദേശീയപാതയിൽ അമിതവേഗതയിലെത്തിയ കാർ വൈദ്യുതി പോസ്റ്റിലിടിച്ച് മൂന്ന് പേർ മരിച്ചു. സച്ചിൻ ബിരാദാർ (27), അഭിഷേക് യാദവ് (26), തേജസ് ദാഗ്ഡെ (26) എന്നിവരാണ് മരിച്ചത്.ഉജ്ജൈനിലെ മഹാകാൽ ക്ഷേത്രം സന്ദർശിച്ച ശേഷം സോമനാഥിലേക്ക് പോകുമ്പോഴായിരുന്നു അപകടം സംഭവിച്ചത്. അമിതവേഗതയിലെത്തിയ കാർ നിയന്ത്രണം വിട്ട് റോഡിലെ ഡിവൈഡറിലും സമീപത്തുണ്ടായിരുന്ന വൈദ്യുതി പോസ്റ്റിലിടിക്കുകയും ചെയ്തു.ഇടിയുടെ ആഘാതത്തിൽ കാറിൻറെ എൻജിൻ വാഹനത്തിൽ നിന്ന് വേർപെട്ടു. അഭിഷേകും സച്ചിനും സംഭവസ്ഥലത്തുവച്ച് തന്നെ മരിച്ചു. ചികിത്സയിലായിരിക്കെയാണ് തേജസ് മരിച്ചത്.